No. 173

October 2002

# KERALA PRIVATE COLLEGE TEACHER



THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

## ട്രാൻസ്ലേഷൻ പ്രൈസ്



കേന്ദ്ര സാഹിത്യ അക്കാദമിയുടെ വിവർത്തനത്തിനുള്ള അവാർഡ് 'ട്രാൻസ്ലേഷൻ പ്രൈസ്' നെന്മാറ എൻ.എസ്സ്.എസ്സ് കോളജിലെ ഹിന്ദി അദ്ധ്യാപികയായ ഡോ. റ്റി.ആർ.ജയശ്രീക്ക് ലഭിച്ചു. ശിവജി സാവന്തിന്റെ മറാഠി നോവലായ 'മൃത്യുഞ്ജയ' 'കണ്ണൻ' എന്ന പേരിലാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്.

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ടുകൾ, വിജ്ഞാനപ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 50 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.


ചീഫ് എഡിറററുടെ വിലാസം
കെ. ജഗന്നാഥൻനായർ. കീർത്തി, പരുത്തിവിള
ധനുവച്ചപുരം പി.ഒ., നെയ്യാററിൻകര
തിരുവനന്തപുരം
(ഫോൺ: 0471-232561)

മാനേജിംഗ് എഡിറററുടെ വിലാസം
എസ്. ജയരാജ് കുമാർ, ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽകോളേജ് പി.ഒ.
തിരുവനന്തപുരം - 695 011 (ഫോൺ - 0471-440004)

ഓഫീസ്
എ.കെ.പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ്
മാതൃഭൂമി റോഡ്, വഞ്ചിയൂർ
തിരുവനന്തപുരം - 695 035, ഫോൺ - 0471-463494
Fax: 0471-468984. e-mail:akpcta@eth.net



AKPCTA

KERALA PRIVATE COLLEGE TEACHER

MONTHLY JOURNAL OF THE AKPCTA

No. 173 October 2002



**EDITORIAL BOARD**

*Chief Editor*
K.JAGANNATHAN NAIR

*Managing Editor*
S.JAYARAJKUMAR

*Assistant Editor*
V.JAYAKUMAR

*Members*
Thomas Joseph
A. Prathapachandran Nair
V. Rajagopal
M.P. Vijayalekshmi
K. Sasidharan
T.N.Manoharan
R.B.Rajalekshmi
M.Shahul Hameed
G.S.Suresh
M.S.Vasanthakumar
C.R.Prasad
Mathew J.Muttath
K.S.Pavithran
N.Rajan
Soman Nadar
T.A.Sudhakarakurup
Indulal



# No.

# 173

## C O N T E N T S


സർവ്വകലാശാല വിദ്യാഭ്യാസത്തിന് ഭീഷണി

**ഡോ. പി. കെ. രാജൻ**

●

ആഗോളവൽക്കരണം ചെറുത്തുനില്പിൻെറ
സാദ്ധ്യതകൾ

**സ. കെ. എൻ. രവീന്ദ്രനാഥ്**

●

സാമൂഹിക നിയന്ത്രണമില്ലാത്ത
സ്വകാര്യവൽകരണത്തെ എതിർക്കുന്നതിനൊപ്പം
പൊതു സ്ഥാപനങ്ങളുടെ വിശ്വസ്തത
പുനഃസ്ഥാപിക്കുക

**ഡോ. ബി. ഇക്ബാൽ**

●

Higher Education:
An investment for Empowerment

**Prof. Thomas Joseph**

●

We need a comprehensive
river management policy

**Dr. Mathew Koshy Punnackadu**

●

The History of a cut

**Prof. V.N. Murali**

• Economic Focus
• AIFEUCTO NEWS • UGC News
• സമരപഥങ്ങൾ • ശാസ്ത്രജാലകം
• സർവീസ് പംക്തി • വാർത്താമദ്ധ്യം
• വനിതാവേദി • നിവേദനങ്ങൾ
• സർക്കാർ ഉത്തരവുകൾ

# എ കെ പി സി ടി എ
# സംസ്ഥാന പ്രവർത്തക ക്യാമ്പ് 2002

റിപ്പോർട്ട്

എ കെ പി സി ടി എ കൊല്ലം ജില്ലാക്കമ്മിററി ആതിഥ്യം അരുളിയ 2002 ലെ സംസ്ഥാന പ്രവർത്തകക്യാമ്പ് കൊട്ടിയം ക്രിസ്തു ജ്യോതിസ് അനിമേഷൻ സെന്ററിൽ സെപ്തംബർ 28,29 തീയതികളിൽ നടന്നു.

സെപ്തംബർ 28-ാം തീയതി രാവിലെ പത്തു മണിക്ക് എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് പതാക ഉയർത്തുമ്പോൾ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ നിന്നെത്തിയ അധ്യാപകരുടെ മുദ്രാവാക്യശബ്ദത്താൽ അന്തരീക്ഷം മുഖരിതമായിരുന്നു.



തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനത്തിന് സംഘടനാ ജനറൽ സെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻ നായർ സ്വാഗതമാശംസിച്ചു. സംസ്ഥാന പ്രസിഡന്റ് തോമസ് ജോസഫ് അധ്യക്ഷനായിരുന്നു. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന് നേരെ കടന്നാക്രമണം നടക്കുന്ന സാഹചര്യത്തിലാണ് പ്രവർത്തക ക്യാമ്പ് ഇത്തവണ തുടങ്ങുന്നത് എന്നദ്ദേഹം പറഞ്ഞു. ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സമന്വയം നഷ്ടപ്പെട്ടിരിക്കുന്നു. സ്വകാര്യവൽക്കരണവും സ്വാശ്രയവൽക്കരണവും ഭീഷണമായി നമ്മെ ഉററുനോക്കുന്ന വെല്ലുവിളിയായുമുണ്ട്. ഇതിനെ ചെറുക്കുവാൻ മാർഗമെന്ത് എന്നത് സംബന്ധിച്ച ചർച്ച ക്യാമ്പിൽ നടക്കുമെന്ന പ്രത്യാശ പ്രകടിപ്പിച്ച് പ്രസിഡന്റ്, അതുസംബന്ധിച്ച മുഖ്യനിർദ്ദേശങ്ങൾ ഉദ്ഘാടകനായ കണ്ണൂർ വി.സി.ഡോകട്ർ പി.കെ.രാജനിൽ നിന്ന് പ്രതീക്ഷിക്കുന്നുവെന്ന് പ്രസ്താവിച്ചു.

തുടർന്ന് ഡോ.പി.കെ.രാജൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് സുദീർഘമായി സംസാരിച്ചു. ഉദ്ഘാടന സമ്മേളനത്തിന് നന്ദി പറഞ്ഞത് ഉത്തരമേഖലാ സെക്രട്ടറി പ്രൊഫ. കുട്ടികൃഷ്ണനാണ്.

തുടർന്ന് വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ അവതരിപ്പിക്കപ്പെട്ടു. സംഘടനാ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. അക്കാദമിക് കമ്മിററി റിപ്പോർട്ട്, കമ്മിററി കൺവീനർ പ്രൊഫ. രാജൻ വർഗീസ്, അവതരിപ്പിച്ചു. സർവ്വീസ് സെൽപ്രവർത്തന റിപ്പോർട്ട് കൺവീനർ പ്രൊഫ. ടി.എൻ.മനോഹരനും വനിതാ പ്രവർത്തന റിപ്പോർട്ട് സംഘടനയുടെ സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ. എം.പി.



എ. പ്രതാപചന്ദ്രൻ നായർ



തോമസ് ജോസഫ്



കെ. വരദരാജൻ

വിജയലക്ഷ്മിയും അവതരിപ്പിച്ചു. ജേർണൽ പ്രവർത്തന റിപ്പോർട്ട് ചീഫ് എഡിററർ പ്രൊഫ.ജഗന്നാഥൻ നായരും ബിൽഡിംഗ് കമ്മിററി പ്രവർത്തന റിപ്പോർട്ട് കൺവീനർ ഡോ.ജി.രവീന്ദ്രനും അവതരിപ്പിച്ചു.

ഉച്ചയ്ക്കുശേഷം സി. ഐ. ടി. യു സംസ്ഥാന പ്രസിഡൻറ് കെ.എൻ.രവീന്ദ്രനാഥ് - 'ആഗോളവൽക്കരണ: ചെറുത്തുനില്പിൻെറ സാദ്ധ്യതകൾ' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

തുടർന്ന് എൻ.ജി.ഒ യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെ.വരദരാജൻ "സംഘടനാ പ്രവർത്തനം പ്രശ്നങ്ങളും പരിഹാരങ്ങളും" എന്ന വിഷയത്തെ മുൻനിർത്തി സംസാരിച്ചു.

സംഘടനാ പ്രവർത്തനത്തിന്റെ കാലം കഴിഞ്ഞു എന്നും പ്രക്ഷോഭങ്ങളുടെ സാംഗത്യം നഷ്ടപ്പെട്ടു എന്നുമുള്ള അപവാദ പ്രചരണങ്ങളിൽ കുടുങ്ങാതെ, സംഘടിത പ്രവർത്തനങ്ങളിൽക്കൂടി മാത്രമേ നേടിയ അവകാശങ്ങൾ നിലനിർത്താനും സുരക്ഷിതമായി നിലനിൽക്കാനും കഴിയൂ എന്ന സുബോധം കൈവരിക്കണമെന്ന് ക്യാമ്പ് അംഗങ്ങളോട് കെ.വരദരാജൻ ആഹ്വാനം ചെയ്തു.

നവോത്ഥാന പ്രസ്ഥാനങ്ങൾ ഭാരതത്തിലുടനീളം ഉണ്ടായിരുന്നെങ്കിലും അത് സവിശേഷമായി സ്വാധീനം ചെലുത്തിയത് കേരളത്തിൽ മാത്രമായിരുന്നു. ഇവിടുത്തെ സംഘടിത പുരോഗമന പ്രസ്ഥാനങ്ങൾ നവോത്ഥാന സന്ദേശം സ്വാംശീകരിക്കയും പ്രചരിപ്പിക്കയും ചെയ്തത് വഴിയാണ് നമുക്കീ നേട്ടമുണ്ടായത്.

ഇന്ത്യയിലെ ട്രേഡ് യൂണിയനുകളും സർവ്വീസ് സംഘടനകളും ജനകീയ ജനാധിപത്യത്തിൻെറ വിദ്യാലയങ്ങളാണ് എന്ന് ഇ എം എസ് പറയുകയുണ്ടായി. സമരത്തിന്റെ തീഷ്ണതയാർന്ന പ്രവർത്തനമാർഗമാണ് ഇവിടുത്തെ സർവ്വീസ് സംഘടനകൾ അവലംബിച്ചിട്ടുള്ളത്. ആ ശൈലിയുടെ വിജയ രഹസ്യം ജനസമ്പർക്കമാണ്. ജനസമ്പർക്കം നഷ്ടപ്പെട്ടാൽ സംഘടനാ പ്രവർത്തനത്തിന്റെ അർത്ഥം നഷ്ടപ്പെടും.

1817 ൽ മാറ് മറയ്ക്കാതിരിക്കാൻ സമരം ചെയ്തവരുടെ നാടാണ് കേരളം. അങ്ങനെ അപമാനകരമായ സംഘടിതശേഷി നമ്മുടെ പൂർവ്വകാലത്തിലുണ്ടെങ്കിലും അതിനെ ഒക്കെ പാടേ അവഗണിക്കത്തക്ക നിലയിൽ ഐതിഹാസികസമരങ്ങൾ പിൽക്കാലത്ത് നടന്നിട്ടുണ്ട്. മാറ് മറയ്ക്കൽ അവകാശത്തിന് വേണ്ടി സമരം പിന്നീട് നടന്നു. 1920 ൽ ആദ്യത്തെ ട്രേഡ് യൂണിയൻ സ്ഥാപിച്ചത് ആലപ്പുഴയിലായിരുന്നു. 1924 ൽ പി.കേശവദേവിന്റെ നേതൃത്വത്തിൽ കതിനാവെടി വച്ചുകൊണ്ട് ആരംഭിച്ച കയർ തൊഴിലാളി സമരം ചരിത്രത്തിലുണ്ട്. ഇ എം എസ് മന്ത്രിസഭ കൊണ്ടുവന്ന പരിഷ്കാരങ്ങൾ ഉണ്ട്. ഇവയെല്ലാമാണ് ഇന്നത്തെ കേരളത്തെ സൃഷ്ടിച്ചത്.

സംഘടനാ പ്രവർത്തകർക്ക് പഴയ ഉശിരില്ല എന്നൊരു പക്ഷമുണ്ട്. അതിൽ കഴമ്പില്ല. ഉദാഹരണം ഇക്കഴിഞ്ഞ ജീവനക്കാരുടെ ഗംഭീരസമരം തന്നെ. എങ്കിലും സംഘടനാ പ്രവർത്തനം ചലനാത്മകമാകാൻ സ്വയം വിമർശനപരമായി പ്രവർത്തനം ചിട്ടപ്പെടുത്തണം. എ കെ പി സി ടി എ ഇന്നത്തെ നിലയിൽ തുടർന്നാൽ പോരാ. ബൈലാ ഉൾപ്പെടെയുള്ള പ്രവർത്തന മാർഗരേഖകൾ പുനഃപരിശോധിക്കണം.

സംഘടനാ പ്രവർത്തകർ സംഘടനാ പ്രവർത്തനത്തിന്റെ എല്ലാ തുറകളിലും സാന്നിദ്ധ്യത്താൽ നിറയണം. കൂടുതൽ സമയം കണ്ടെത്തുകയും വേണം. അവകാശങ്ങൾ തിരിച്ചുപിടിക്കുന്ന ഘട്ടമാണിത്. വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണമുൾപ്പെടെയുള്ള ഭീഷണികൾ നമ്മുടെ മുന്നിലുണ്ട്. പ്ര



എം. പി. വിജയലക്ഷ്മി




ജസ്ററീസ്. ശ്രീദേവി



ടി. രാധാമണി

ശ്നങ്ങൾ ജനങ്ങളെ പഠിപ്പിക്കുകയും പോരാട്ടത്തിന്റെ മുഖ്യധാരയിൽ നാം അണിചേരുകയും വേണം-വരദരാജൻ പറഞ്ഞു.

ഈ സെഷനിൽ പ്രൊഫ. വിജയധരൻ സ്വാഗതവും, പ്രൊഫ. വി.സി. ആന്റണി നന്ദിയും പ്രകാശിപ്പിച്ചു. വൈകിട്ട് 4.30 ന് യൂണിവേഴ്സിററി തിരിച്ചുള്ള ഗ്രൂപ്പുകൾ ക്യാമ്പിൽ ചർച്ചയിൽ ഏർപ്പെട്ടു. സംഘടനാ പ്രശ്നങ്ങൾ മുതൽ കലുഷിതമായ ഉന്നതവിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ വരെ ഗ്രൂപ്പ് ചർച്ചയ്ക്ക് വിഷയമായി. ഓരോ യൂണിവേഴ്സിററി ഗ്രൂപ്പിന്റെയും ക്രോഡീകരിച്ച അഭിപ്രായങ്ങൾ അതാതു യൂണിവേഴ്സിററി പ്രതിനിധികൾ അടുത്ത ദിവസം രാവിലെ (സെപ്തംബർ 29) വേദിയിൽ അവതരിപ്പിച്ചു.

തുടർന്ന് വനിതാ സമ്മേളനം നടന്നു.

'ജനാധിപത്യ സമൂഹത്തിൽ സ്ത്രീശാക്തീകരണം' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് ജസ്റ്റിസ് ഡി.ശ്രീദേവി സമ്മേളനം ഉദ്ഘാടനം ചെയ്തു.

വർധിച്ചുവരുന്ന പീഡനങ്ങൾക്കെതിരെ സ്ത്രീശാക്തീകരണം അനിവാര്യമാണെന്ന് ജസ്റ്റീസ് ശ്രീദേവി പറഞ്ഞു.

ഭ്രൂണാവസ്ഥ മുതൽ തുടങ്ങുന്ന സ്ത്രീപീഡന ഭീഷണി മരണം വരെ തുടരുന്നു. സമൂഹത്തിൽ അമ്പതിലേറെ ശതമാനം സ്ത്രീകളാണ്.നിരക്ഷരതയും പരാശ്രയവും പീഡനത്തിന് പുറമെയുള്ള പരാധീനതകളാകുന്നു. തളർന്ന സ്ത്രീ-സമൂഹം, പൊതുവിൽ സമൂഹത്തിന് ഭാരമാകുകയാണിപ്പോൾ.

ശാരീരികം, മാനസികം, വൈകാരികം, സാമ്പത്തികം, ബുദ്ധിപരം എന്നീ പഞ്ചതലങ്ങളിൽ സ്ത്രീ കരുത്താർജിക്കണം. ഇതുവഴി സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സജീവമായ പങ്കാളിത്തം വഹിക്കാൻ സ്ത്രീകൾക്ക് കഴിയും - ശ്രീദേവി പറഞ്ഞു.

ഭരണഘടനാദത്തമായി സ്ത്രീക്ക് കൈവരേണ്ട അവസരസമത്വം ഇനിയും യാഥാർത്ഥ്യമാക്കേണ്ടിയിരിക്കുന്നു. ഭദ്രമായ കുടുംബജീവിതം അല്ലലില്ലാത്ത സമൂഹസൃഷ്ടിക്ക് അനിവാര്യമാണ്. സമൂഹത്തിലെ പുഴുക്കുഞ്ഞുകളായ സ്വഭാവവിശേഷങ്ങൾ അധികമേൽക്കാത്ത വിഭാഗമാണ് അധ്യാപകർ. തനിക്ക് ഒരു കോളേജ് അധ്യാപികയാകണമെന്നായിരുന്ന ആദ്യകാലമോഹമെന്നും ജസ്റ്റിസ് ശ്രീദേവി പറഞ്ഞു.

തുടർന്ന് 'വനിതാ അധ്യാപകരും സംഘടനാ പ്രവർത്തനവും' എന്ന വിഷയം അവതരിപ്പിച്ച് ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡന്റ് ടി.രാധാമണി പ്രഭാഷണം നടത്തി. കുടുംബത്തിലെ ചുമതലകൾ പുരുഷന്മാരും മുതിർന്ന മക്കളും സ്ത്രീയോടൊപ്പം പങ്കിട്ടെടുക്കുന്ന സാഹചര്യമുണ്ടായാൽ സംഘടനാപ്രവർത്തനങ്ങൾക്ക് സ്ത്രീകൾക്ക് സമയം കിട്ടുമെന്നും കുടുംബബന്ധങ്ങൾ മാത്രമാണോ പൊതുരംഗത്ത് സ്ത്രീകളുടെ അസാന്നിധ്യത്തിന് കാരണമാകുന്നതെന്നത് സംബന്ധിച്ച് പഠനം നടക്കേണ്ടതാണെന്നും രാധമണി പറഞ്ഞു.

എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ. എം.പി.വിജയലക്ഷ്മി അധ്യക്ഷയായിരുന്നു. പ്രൊഫ. ശ്രീദേവി സ്വാഗതം പറഞ്ഞു. പ്രൊഫ. എം.ബി.രാജലക്ഷ്മി, പ്രൊഫ. വിജയലക്ഷ്മി, പ്രൊഫ. പി. ഷീല, പ്രൊഫ. ഗോമതിയമ്മ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. തുടർന്ന് കൊല്ലം ജില്ലാ കമ്മിററി അംഗം പ്രൊഫ. ജെ.വി.പണിക്കർ ക്രഡർഷ്യൽ റിപ്പോർട്ട് അവതരിപ്പിച്ചു.

കൊല്ലം ജില്ലാ സെക്രട്ടറി പ്രൊഫ. യോഹന്നാൻ കുട്ടി നന്ദി പറഞ്ഞു. ഉച്ചയ്ക്ക് ക്യാമ്പ് അവസാനിച്ചു.

തയ്യാറാക്കിയത്: പ്രൊഫ. എം. എസ്. വസന്തകുമാർ
എസ്. എൻ. കോളജ്, കൊല്ലം



# സർവ്വകലാശാല വിദ്യാഭ്യാസത്തിന് ഭീഷണി....

സംസ്ഥാന പ്രവർത്തക ക്യാമ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. പി. കെ. രാജൻ നടത്തിയ പ്രസംഗത്തിൻെറ പ്രസക്തഭാഗങ്ങൾ

ഒരു ത്രിമാന പ്രതിസന്ധി നമ്മുടെ സർവ്വകലാശാല വിദ്യാഭ്യാസത്തെ ഗ്രസിച്ചിരിക്കുന്നു. യൂറോപ്യൻ മോഡേണിററിയുടെ സന്ദേശവും ഭാരതീയ നവോത്ഥാനത്തിന്റെ ആശയ സമ്പുഷ്ടതയും കേരളത്തിലെ തന്നെ നവോത്ഥാനനായകരുടെ സന്ദേശസാമീപ്യവും കവിത്രയത്തിന്റെ സംഭാവനകളും ഉതിർത്ത ആശയങ്ങളുടെ കുത്തൊഴുക്കിന്റെ സ്വാധീനത്തിൽ പിറന്ന് വികസിച്ചതാണ് നമ്മുടെ സർവ്വകലാശാലാവിദ്യാഭ്യാസം. അതിന്റെ സവിശേഷതകൾക്ക് വളമേകിയത് ഈ ഘടകങ്ങളല്ലാതെ ബ്രിട്ടീഷ് ഭരണമോ മറെറാന്നുമോ അല്ല- ഡോ.രാജൻ പറഞ്ഞു. അങ്ങനെ മോഡേണിററിയും ശാസ്ത്രീയസമീപനവും സ്വതന്ത്രചിന്തയും നമ്മുടെ ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രത്യേകതകളായി. ഈ പ്രത്യേകതകളെ നിരാകരിക്കുന്ന ശ്രമങ്ങളുടെ ഭീഷണിയാണ് വിദ്യാഭ്യാസത്തിന്റെ ഒന്നാമത്തെ പ്രതിസന്ധി. ആർജ്ജവമുള്ള ചരിത്രകാരന്മാരെ പ്രതിക്കൂട്ടിലാക്കുക, അവരുടെ ചിന്താസ്വാതന്ത്ര്യത്തിൽ കൈ കടത്തുക, ഒരു ശാസ്ത്രീയതയുമില്ലാത്ത വേദിക് അസ്ട്രോളജി കോഴ്സ് കൊണ്ടുവരാൻ ശ്രമിക്കുക, ഒരു കഥയുമില്ലാത്ത വേദിക് മാത്തമാററിക്സ് പഠിക്കാൻ പ്രേരിപ്പിക്കുക, മദ്ധ്യകാലഘട്ടചിന്തകളെ പുനരവതരിപ്പിച്ച് സ്ഥാപിക്കാൻ ശ്രമിക്കുക തുടങ്ങിയ ഉദ്യമങ്ങളാണ് ഈ പ്രതിസന്ധിക്ക് കാരണങ്ങൾ. പുരോഗമന ചിന്തക്ക് മുന്നിൽ അടിയറവ് പറഞ്ഞ് നിഷ്ക്രമിച്ചവയാണ് മദ്ധ്യകാലചിന്തകൾ. അത് മടക്കിക്കൊണ്ട് വന്ന് കാലത്തെ പിറകോട്ടടിക്കാൻ ശ്രമിക്കുന്നവരെ പുരോഗമന ശക്തികൾ എതിർത്ത് പരാജയപ്പെടുത്തണം.

നമ്മുടെ വിദ്യാഭ്യാസത്തിൽ ഉൾച്ചേർന്നിട്ടുള്ള സാമൂഹിക നീതി നിഷേധിക്കാൻ ചിലർ ഒരുങ്ങുന്നതാണ് രണ്ടാമത്തെ പ്രതിസന്ധി. സമത്വവും ശ്രേഷ്ഠതയും ഒരുമിച്ച് നിലനിൽക്കണമെന്ന തത്വം നമ്മുടെ വിദ്യാഭ്യാസത്തിന്റെ അർത്ഥപൂർണ്ണതയാണ്. ഇത് നശിപ്പിക്കാനാണ് സ്വാശ്രയ കോളജുകളും സ്വകാര്യ കോളജുകളും കൊണ്ട്വരുന്നത്. നമ്മുടെ സർവ്വകലാശാലകളിൽ സമൂഹത്തിന്റെ 6-7% ശതമാനം മാത്രമേ വിദ്യാഭ്യാസത്തിന് കടന്നുവരുന്നുള്ളു. ഇവിടെയും സമൂഹത്തിന്റെ ശ്രേണീബദ്ധ സ്വഭാവം പ്രതിഫലിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണങ്ങൾ 80% ഉം ഉന്നതർക്ക് ആണ് ലഭിക്കുന്നത്. ഇതിനിടയിൽ സ്വകാര്യവൽക്കൃത വിദ്യാഭ്യാസം പണമുള്ളവന് മാത്രമേ അഭിഗമ്യമാവൂ. നിലവിലുള്ള സൗജന്യവിദ്യാഭ്യാസമോ എയ്ഡഡ് വിദ്യാഭ്യാസമോ ഗതാനുഗതികത്വത്തിന്റെ പരാധീനതയുമായി തകരും. ഇല്ലാത്തവന് നല്ലവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നിവ അനഭിഗമ്യമാകും. അസമത്വം ഈ രംഗത്ത് കൊടികുത്തി വാഴും. അരാജകത്വമാർന്ന വഴികളിലൂടെ കണ്ടവർക്കൊക്കെ യാതൊരു പരിശോധനയും അന്വേഷണവും മാനദണ്ഡവുമില്ലാതെ കോഴ്സു കൊടുക്കുന്ന സമ്പ്രദായവും സർക്കാർ തുടങ്ങയിരിക്കുന്നു. ഇതെല്ലാം രണ്ടാമത്തെ പ്രതിസന്ധി മൂർച്ഛിപ്പിക്കുന്നു. സ്വകാര്യ മൂലധനം വിവേചനത്തോടെ അവധാനതയോടെ ടാപ്പ്

ചെയ്യണം. അസമത്വം വളരുന്നനിലയിൽ അതിനെ ആശ്രയിക്കരുത്. ഇതിന് അധികാരികൾ പാഠകമാക്കേണ്ടത് മഹാത്മജിയുടെ മാന്ത്രികശക്തിയുള്ള വായ്ത്താരിയാണ് "നടപടി കൈക്കൊള്ളുവാൻ ഒന്നിലധികം അഭിപ്രായഗതികൾ വരുമ്പോൾ, നിർദ്ധനരെ പ്രതികൂലമായി ബാധിക്കാത്തത് ഏത് എന്ന് നോക്കി തെരഞ്ഞെടുത്ത് നടപടി കൈക്കൊള്ളുക."

മൂന്നാമത്തെ പ്രതിസന്ധി യൂണിവേഴ്സിററികളുടെ ആട്ടോണമിക്കും അതിന്റെ ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഘടനക്കും നേരെ ഉയരുന്ന ഖഡ്ഗമാണ്. ഇ എം എസ് ഗവൺമെന്റ് കൊണ്ടുവന്ന ആക്ട് ആണ് സർവ്വകലാശാലകൾക്ക് ഇവിടെ ജനാധിപത്യസ്വഭാവം കൈവരുവാൻ കാരണം. ഏകീകൃത സർവ്വകലാശാലാ നിയമം മൂന്നാമത്തെ പ്രതിസന്ധിയെ മൂർച്ഛിപ്പിക്കാൻ പോരുന്നതായിരിക്കും. ഇത് നിലവിൽ വന്ന കർണ്ണാടകത്തിൽ നിന്ന് അറിഞ്ഞത് ഒരു 'ഡ്രക്കോണിയൻ' നിയമമാണ് അത് എന്നാണ്. ഗവൺമെന്റിനോട് അക്കൗണ്ടബിലിററി ഉള്ള അവസ്ഥ സർവ്വകലാശാലക്ക് അവിടെ കൈവന്നിരിക്കുന്ന സർവ്വകലാശാലയുടെ ആട്ടോണമി ഇല്ലാതായി എന്ന് സാരം. പിന്നെ ഗവൺമെന്റ് നിയോഗിക്കുന്ന സിൻഡിക്കേററ്! അല്ലെങ്കിൽ രാഷ്ട്രീയക്കാർ അതിൽ കടന്നു കൂടുമത്രെ. ഗവൺമെന്റിന്റെ തലപ്പത്തിരിക്കുന്ന രാഷ്ട്രീയക്കാരന്റെ നോമിനി എങ്ങനെ രാഷ്ട്രീയ വിമുക്തനാകും?

ഇങ്ങനെ പ്രതിസന്ധികളുടെ തള്ളിച്ചയിൽ പരിഹാരമാർഗങ്ങൾ സംഭാവന ചെയ്യാനും സമരം ചെയ്യാനും കെൽപ്പുള്ള ഉറച്ച സംഘടനയാണല്ലോ എ കെ പി സി ടി എ. പ്രായോഗികതലത്തിലും ധൈഷണികതലത്തിലും മികവ് കാട്ടിയിട്ടുള്ള എ കെ പി സി ടി എ സ്വയം വിമർശനപരമായി ചർച്ച ചെയ്യുമ്പോൾ ഈ പ്രതിസന്ധിക്ക് പരിഹാരമാർഗങ്ങൾ തെളിയും. ■

# ആഗോളവൽക്കരണം: ചെറുത്തുനില്പിന്റെ സാദ്ധ്യതകൾ



സംസ്ഥാന പ്രവർത്തക ക്യാമ്പിൽ
സി. ഐ. ടി. യു. സംസ്ഥാന പ്രസിഡൻറ്
സ. കെ. എൻ. രവീന്ദ്രനാഥ്
നടത്തിയ പ്രഭാഷണത്തിന്റെ
പ്രസക്തഭാഗങ്ങൾ

ആഗോള മുതലാളിത്തം ഗുരുതരമായ പ്രതിസന്ധിയിലാണ് എന്ന് അദ്ദേഹം പ്രസ്താവിച്ചു. ഇതു ബഹുമുഖമായ ഒന്നാണ്. കമ്പോളം വികസിക്കുമ്പോൾ ഉൽപാദനം അതിനൊത്ത് വികസിക്കണം. എന്നാൽ ഉൽപാദനം വികസിച്ച് ആവശ്യത്തിലേറെ ആകുന്നതാണ് മുതലാളിത്തത്തിന്റെ പ്രതിസന്ധികളിൽ ഒന്ന്. ഇന്ന് ആവശ്യത്തിലേറെ ഉൽപാദനം വർദ്ധിച്ചിരിക്കുന്നു. ടെക്നോളജിയുടെ വികാസമാണ് ഇതിന് കാരണം. ഉൽപാദനം വിററഴിക്കാൻ ലോകത്തെ ഒരു ഗ്ലോബൽ വില്ലേജ് ആക്കി സൗകര്യപ്പെടുത്തുന്ന മുതലാളിത്തം,വിൽപ്പന ത്വരിതപ്പെടാതെ നിക്ഷേപം നിർജ്ജീവമായി കിടന്നുപോകുന്ന പ്രതിസന്ധിയെയും നേരിടുന്നു. ഉൽപാദനം വർദ്ധിക്കുമ്പോൾ ഉൽപാദനച്ചെലവ് കുറയേണ്ടതാണ്. ഈ ചെലവ്-കുറവിന്റെ നേട്ടം തൊഴിലാളിക്കും, കമ്പനിക്കും, ഉപഭോക്താവിനും കിട്ടേണ്ടതാണ്. ഇന്ത്യയിൽ തന്നെ നോക്കിയാൽ തൊഴിലാളിക്ക് ഇതിന്റെ ഫലമായി വേതനം വർദ്ധിക്കുന്നില്ല. ഉപഭോക്താവിന് ഗുണകരമായി വില കുറയുന്നുമില്ല. കമ്പനി അഥവാ മുതലാളി മാത്രം നേട്ടം വസൂലാക്കുന്നു. ഈ അസന്തുലിതാവസ്ഥ തുടർന്ന് മുതലാളി മാത്രം കൊഴുത്താൽ, രണ്ട് മൂന്ന് വർഷത്തിനുള്ളിൽ മുഴുവൻ പർച്ചേസിനെയും ബാധിക്കും. തൊഴിലാളിക്കും ഇതര ഉപഭോക്താക്കൾക്കും ഗുണമില്ലാത്ത ചുററുപാ

ടിൽ പർച്ചേസിനെ ബാധിക്കുന്ന പ്രതിസന്ധിയാകുന്നു എന്ന് സാരം.

അമേരിക്കൻ സമൂഹത്തെ ഈ പ്രതിസന്ധി ഗ്രസിച്ചിട്ടുണ്ട്. അമിത ഉൽപ്പാദനം വിററഴിക്കാൻ അവിടെ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിലുള്ള വിപണനം നടക്കുന്നു. ഈ കാര്യത്തിൽ സ്ഥാപനങ്ങൾ തമ്മിൽ മത്സരിക്കുന്നു. മത്സരം മൂത്ത് ആനുകൂല്യങ്ങൾ ഉപഭോക്താവിന് നൽകുന്നതിലും മത്സരിക്കുന്നു. ഉപഭോക്താവ് വരുമാനത്തിൽ ഒതുങ്ങാത്തവിധം പലേടത്തുനിന്നും ഇൻസ്റ്റാൾമെന്റിൽ സാധനങ്ങൾ വാങ്ങിയിട്ട് തവണ അടയ്ക്കാൻ കഴിയാതെ വരുന്നു. അങ്ങനെ പുതിയ പ്രതിസന്ധി രൂപം കൊള്ളുന്നു. ഈ പ്രതിസന്ധി വീണ്ടും ഉൽപാദന കേന്ദ്രങ്ങളെ ബാധിക്കുന്നു.

1994-95 ൽ ഐ എം എഫും അമേരിക്കയും മെക്സിക്കൻ ക്രൈസിസിൽ സഹായിക്കാനെത്തി. വായ്പാതുക അടയ്ക്കാനുള്ള സമയം അവർ മെക്സിക്കോയ്ക്ക് നീട്ടി കൊടുത്തു. കടം അടയ്ക്കാൻ വീണ്ടും കടവും കൊടുത്തു. അങ്ങനെ താൽക്കാലിക ശാന്തി ലഭിച്ചെങ്കിലും പ്രതിസന്ധി അതിരൂക്ഷമാവുകയാണ് ഉണ്ടായത്. സൗത്ത് ഈസ്റ്റ് ഏഷ്യൻ ക്രൈസിസിലും (97-98) ഇതു തന്നെ ആവർത്തിച്ചു. തൽഫലമായി ഉണ്ടായ പ്രതിസന്ധി ചൈന, ജപ്പാൻ, റഷ്യ, ലാററിൻ അമേരിക്ക എന്നിവടങ്ങളിൽ മാത്രമല്ല യൂറോപ്പിലും പ്രത്യാഘാതങ്ങളുണ്ടാക്കി. ഗ്ലോബൽ വില്ലേജിലൂടെ പകർച്ചവ്യാധിപോലെ അങ്ങനെ പ്രതിസന്ധി പടരുകയുണ്ടായി.

ഇങ്ങനെ പ്രതിസന്ധിയുടെ വേലിയേററത്തിൽ അമേരിക്കൻ ഡോളിന് വിലയിടിഞ്ഞു, ഇടിഞ്ഞുകൊണ്ടേയിരിക്കുന്നു. ഇതിനെ തടയാൻ യുദ്ധത്തിന് മുറവിളി കൂട്ടുകയാണ് ജോർജ് ബുഷ്. അമേരിക്കൻ പൗരന്റെ സമ്പാദ്യശീലം സ്റേറാക്ക് മാർക്കററിൽ കുടുങ്ങിയിരിക്കുന്നതാണ്. പ്രതിസന്ധി ആ സമ്പ്രദായത്തെയും ബാധിക്കുന്നു.

രാഷ്ട്രവിരുദ്ധ മനുഷ്യത്വവിരുദ്ധ ആഗോളീകരണ അഭ്യാസത്തട്ടിപ്പിനെതിരായ ചെറുത്തു നിൽപ്പ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, സമസ്ത ജനവിഭാഗങ്ങളെയും അണിനിരത്തിക്കൊണ്ടുള്ള അതിശക്തമായ നീക്കങ്ങളുണ്ടാവണം. പ്രക്ഷോഭങ്ങളും പ്രചാരണങ്ങളും ഉദ്ബോധനങ്ങളും അതിനെതിരെ ഉയരണം.

തൊഴിലാളി വർഗം മാറി എന്നും, തൊഴിലാളി വർഗം എണ്ണത്തിൽ ശോഷിച്ച് ശാസ്ത്ര സാങ്കേതിക നേട്ടങ്ങളുടെ ഫലമായി കൂടുതൽ മാന്യതയുള്ള ജോലിയുള്ളവരായി പരിണമിക്കുന്നു എന്നുമുള്ള പറച്ചിലുകൾ സത്യമല്ല. ശാസ്ത്രസാങ്കേതിക മികവിൽ മെന്റൽ ലേബർ പലതും ഓപ്പറേഷണൽ. ലേബറായി പരിണമിക്കുക പോലും ചെയ്തിട്ടുണ്ട്. തൊഴിലാളി വർഗ പ്രസ്ഥാനങ്ങളും അതിന്റെ നേതൃത്വവും അപ്രസക്തമായി എന്ന് ബ്രെയിൻ വാഷിങ്ങ്-പ്രചാരണവും കൊണ്ടുപിടിച്ചു നടക്കുന്നുണ്ട്. ഇവയ്ക്കെതിരായ ആശയപ്രചാരണം സംഘടിപ്പിക്കുന്നതാണ് ചെറുത്തു നിൽപ്പിന്റെ പ്രധാന മാർഗം - രവീന്ദ്രനാഥ് അഭിപ്രായപ്പെട്ടു. ■


# മാളുബൻ പബ്ലിക്കേഷൻസ്

ആറയൂർ. പി.ഒ, തിരുവനന്തപുരം, പിൻ - 695122
ഫോൺ - 0471 - 217640, 215241, 232662

ഡോ. എസ്.ബി.വേണുഗോപാൻനായരുടെ കൃതികൾ

1. കാമതീർത്ഥം
(കഥാസമാഹാരം) ഹാസ്യ കഥകൾ (വില 50 രൂപ)
2. രേഖയില്ലാത്ത ഒരാൾ -
(കഥാ സമാഹാരം. ഇടശ്ശേരി അവാർഡ് നേടിയ കൃതി) വില.35 രൂപ
3. ഹാസ്യം നോവൽ ശിൽപ്പത്തിൽ (പഠനം)
120 രൂപ

മലയാളഭാഷ ഐച്ഛികമായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക്

1. സാഹിത്യ നിരൂപണം ■ വില.65 രൂപ
പ്രൊഫ. ജി.ഗോപാലകൃഷ്ണൻനായർ.
2. മലയാള ഭാഷാചരിത്രം ■ 65 രൂപ
എഡി: എസ്.വി. വേണുഗോപൻനായർ
3. കാവ്യമീമാംസ ■ 50 രൂപ
(പൗരസ്ത്യവും പാശ്ചാത്യവും)
എൻ.ആർ. ഗോപിനാഥപിള്ള
4. നോവൽ സാഹിത്യ പഠനങ്ങൾ ■ 45 രൂപ
(സാഹിത്യ അക്കാദമി അവാർഡ് നേടിയകൃതി)
ഡോ.ഡി.ബഞ്ചമിൻ.
5. വ്യാകരണപഠനം ■ 60 രൂപ
പ്രൊഫ. എസ്. അച്ചുതവാര്യർ

തപാൽ ചാർജ് സൗജന്യം. പത്തിൽ കൂടുതൽ പുസ്തകം ആവശ്യപ്പെടുന്നവർക്ക് 25% കമ്മീഷൻ. പുസ്തകം ആവശ്യമെങ്കിൽ തുക പബ്ലിക്കേഷന്റെ പേരിൽ എം.ഒ. ആയോ, DD Payable at Parassala)ആയോ അയച്ചാൽ പുസ്തകം അയച്ചു തരുന്നതാണ്.

# എ.കെ.പി.സി.ടി.എ. കരിക്കുലം ശിൽപശാലകൾ:

## ഡിഗ്രി കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിൽ പുനഃസംഘടിപ്പിക്കുന്നു.

**റിപ്പോർട്ട്: രാജൻ വർഗ്ഗീസ്,** *അക്കാഡമിക് കമ്മിററി കൺവീനർ*

കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ ഡിഗ്രി കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിൽ പുനഃസംഘടിപ്പിക്കുന്നതിനും സിലബസുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും വേണ്ടിയുള്ള ദ്വിദിന കരിക്കുലം ശിൽപശാലകൾ എ.കെ.പി.സി.ടി.എ. അക്കാദമിക് കമ്മററി സംഘടിപ്പിച്ചു. കേരള, കോഴിക്കോട്, കണ്ണൂർ, മഹാത്മാഗാന്ധി സർവ്വകലാശാലകളുടെ കീഴിലുള്ള അഫിലിയേററഡ് കോളജുകളിലെ പതിനാറ് മുഖ്യധാര കോഴ്സുകളെ സംബന്ധിച്ച ശിൽപശാലകൾ സംസ്ഥാനത്തെ നാല് പ്രമുഖ കേന്ദ്രങ്ങളിൽ സെപ്ററംബർ 14-15, 21-22 തീയതികളിൽ നടക്കുകയുണ്ടായി.

അടുത്ത അദ്ധ്യയന വർഷം മുതൽ ഡിഗ്രി കോഴ്സുകൾ സെമസ്റ്റർ രീതിയിൽ കൊണ്ടുവരാനുള്ള നയപരമായ തീരുമാനം സർവ്വകലാശാലകൾ എടുത്തു കഴിഞ്ഞു. എന്നാൽ സെമസ്റ്റർ സമ്പ്രദായത്തിന് അനുസരണമായി കോഴ്സുകളുടെ അക്കാദമിക് ഉള്ളടക്കവും ഘടനയും രൂപകൽപന ചെയ്യുന്നതിൽ സർവ്വകലാശാലകൾ യാതൊരു തയ്യാറെടുപ്പുകളും നടത്തിയിട്ടില്ല. കോഴ്സുകളുടെ പുനഃസംഘാടനവും സിലബസ് പരിഷ്കരണവും അനിവാര്യമാക്കുന്ന സാഹചര്യങ്ങൾ കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്നു.

പന്ത്രണ്ട് വർഷത്തെ ഇടവേളക്ക് ശേഷം യു.ജി.സി. വിവിധ വിഷയങ്ങളുടെ മോഡൽ കരിക്കുലം പുറത്തിറക്കിയിട്ടുണ്ട്. 2002 ജൂലൈയ്ക്ക് മുമ്പായി മോഡൽ കരിക്കുലത്തിന്റെ അടിസ്ഥാനത്തിലും പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുത്തും ഇന്ത്യയിലെ സർവ്വകലാശാലകൾ അവയുടെ കോഴ്സുകൾ നവീകരിക്കണമെന്ന് യു.ജി.സി. ആവശ്യപ്പെട്ടിട്ടുണ്ട്. വിദേശ സർവ്വകലാശാലകളുടെ കടന്നുകയററം ഉയർ




ലാംഗേജസിന്റെ കരിക്കുലം ശില്പശാല എം. ജി. യൂണിവേഴ്സിററി സ്കൂൾ ഓഫ് ലെറേറഴ്സ് ഡയറക്ടർ പ്രൊഫ. പി. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

ത്തുന്ന പുതിയ അക്കാദമിക വെല്ലുവിളികൾ നേരിടാൻ നമ്മുടെ സർവ്വകലാശാലകൾ അവയുടെ കോഴ്സുകൾ വിവിധ വിഷയങ്ങളിലുണ്ടായിട്ടുള്ള മാററങ്ങൾക്കനുസൃതമായി പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഇന്റർ ഡിസിപ്ലനറി കോഴ്സുകളും വിവിധതരം ഓപ്ഷനുകളും അടങ്ങിയിരിക്കുന്ന പ്രായോഗിക മാതൃകകൾ ഇതിന് ആവശ്യമാണ്. ക്രെഡിററ്-സെമസ്റ്റർ സമ്പ്രദായവും പാഠ്യഭാഗങ്ങൾ മൊഡ്യൂളുകളായി രൂപകൽപന ചെയ്യേണ്ടതും ഇതിന്റെ ഭാഗമാണ്. യു.ജി.സി. പ്രസിദ്ധീകരിച്ചിട്ടുള്ള മോഡൽ കരിക്കുലം സിലബസ് പരിഷ്ക്കാരത്തിന്റെ അടിസ്ഥാന രേഖയായി ഈ ശിൽപശാലകളിൽ പ്രയോജനപ്പെടുത്തി. പതിനാറു വിഷയങ്ങളിലും രൂപീകരിച്ച 'കോർ' കമ്മററികൾ ഡ്രാഫ്ററ് സിലബസുകൾ രൂപപ്പെടുത്തി ശിൽപശാലകളിൽ ചർച്ചക്കായി അവതരിപ്പിച്ചു. ശിൽപശാലകളിൽ രൂപപ്പെടുന്ന സിലബസുകൾ ഒക്ടോബർ-നവംബർ മാസങ്ങളിൽ വിദഗ്ധരുടെ പരിശോധനക്കായി സമർപ്പിക്കേണ്ടതുണ്ട്. തുടർന്ന് തയ്യാറാക്കുന്ന സിലബസുകൾ ഡിസംബർ മാസത്തോടെ കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്ക് സമർപ്പിക്കും. സെപ്ററംബർ 14-15 തീയതികളിൽ സാമൂഹ്യശാസ്ത്ര വിഷയങ്ങളിലുള്ള, (ഇക്കണോമിക്സ്, ഹിസ്റ്ററി, പൊളിററിക്കൽ സയൻസ്, സൈക്കോളജി) ശിൽപശാല ആലുവാ യു.സി.കോളജിൽ വെച്ചും, കോമേഴ്സിനുള്ളത് പി.എസ്.എം.ഒ.കോളജ് തിരൂരങ്ങാടിയിൽ വെച്ചും നടന്നു. സെപ്ററംബർ 21-22 തീയതികളിൽ ലാംഗ്വേജസിന്റെ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം) ശിൽപശാലാ തൃശൂർ കേരളവർമ്മ കോളജിലും, സയൻസ് വിഷയങ്ങളുടെ (മാത്സ്, ഫിസിക്സ്, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബോട്ടണി, സുവോളജി) സംസ്ഥാന കമ്മററി ഓഫീസ്, തിരുവനന്തപുരത്തും നടന്നു.

## കരിക്കുലം ശിൽപശാല: സാമൂഹ്യശാസ്ത്രവിഷയങ്ങൾ

കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ ഡിഗ്രി കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിൽ പുനഃസംഘടിപ്പിക്കനുതിനും സിലബസ്സുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുംവേണ്ടിയുള്ള കരിക്കുലം ശിൽപശാല സെപ്ററംബർ 14-15 തീയതികളിൽ ആലുവാ യു.സി.കോളജിൽ സംഘടിപ്പിക്കുകയുണ്ടായി. സാമൂഹ്യശാസ്ത്ര വിഷയങ്ങളുടെ ഈ ശിൽപശാല സെപ്ററംബർ 14-ാം തീയതി കൊച്ചിൻ യൂണിവേഴ്സിററി രജിസ്ട്രാർ ഡോ.കെ.വി.കുഞ്ഞികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. രണ്ടു ദിവസത്തെ ശിൽപശാലയിൽ ഇക്കണോമിക്സ്, ഹിസ്റ്ററി, പൊളിററിക്കൽ സയൻസ്, സൈക്കോളജി എന്നീ വിഷയങ്ങളിലെ അൻപതോളം അധ്യാപകർ പങ്കെടുത്തു.




സാമൂഹ്യ ശാസ്ത്ര വിഷയങ്ങളുടെ കരിക്കുലം ശിൽപ്പശാല കൊച്ചിൻ യൂണിവേഴ്സിററി രജിസ്ട്രാർ ഡോ. കെ. വി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടന സെഷനിൽ എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സിലബസ് പരിഷ്കരണത്തിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ അക്കാദമിക് കമ്മററി കൺവീനർ ഡോ.രാജൻ വറുഗീസ് അവതരിപ്പിച്ചു. പ്രൊഫ.വി.സി.ആന്റണി, പ്രൊഫ.കെ.കൃഷ്ണദാസ്, ഡോ.പി. എസ്.മോഹൻ കുമാർ, യു.സി.കോളജ് പ്രിൻസിപ്പൽ ഡോ.രാജു കെ.ജോൺ എന്നിവർ തുടർന്ന് സംസാരിച്ചു. ഉച്ചക്കുശേഷം നടന്ന സെഷനിൽ പൊതുമാർഗ്ഗ നിർദ്ദേശങ്ങളും സിലബസ്സുകളുടെ അക്കാദമിക് വശങ്ങളും ചർച്ച ചെയ്തു. രണ്ടാം ദിവസം കോർ കമ്മററികൾ തയ്യാറാക്കിയ ഡ്രാഫ്ററ് സിലബസ്സുകൾ ചർച്ചക്കായി അവതരിപ്പിച്ചു. ഡോ.പി. എസ്.മോഹൻ കുമാർ, (ഇക്കണോമിക്സ്), പ്രൊഫ.മാമ്മൻ ജോർജ് (ഹിസ്റ്ററി), ഡോ.രാജേന്ദ്രൻ നായർ (പൊളിററിക്സ്), വൈ.തോമസ് ജോൺ (സൈക്കോ

ളജി) എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

### കരിക്കുലം ശിൽപശാല: ശാസ്ത്ര വിഷയങ്ങൾ

സെപ്തംബർ 21,22 തീയതികളിൽ നടന്ന ശാസ്ത്ര വിഷയങ്ങളുടെ കരിക്കുലം വർക്ക്ഷോപ്പ് തിരുവനന്തപുരത്ത് എ കെ പി സി ടി എ ഓഫീസിൽ വച്ച് കേരള സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബി. ഇക്ബാൽ ഉദ്ഘാടനം ചെയ്തു. കേരള സർവ്വകലാശാല സിൻഡിക്കേററംഗം പ്രൊഫ. ആർ.മോഹൻകുമാർ അധ്യക്ഷത വഹിച്ചു. അക്കാദമിക് കമ്മിററി കൺവീനർ ഡോ.രാജൻ വർഗീസ് സ്വാഗതമാശംസിച്ചു. തിരുവനന്തപുരം ജില്ലാ അക്കാദമിക് കമ്മിററി കൺവീനർ ഡോ. എം ആർ.സുദർശനകുമാർ കൃതജ്ഞത പ്രകാശിപ്പിച്ചു. തുടർന്ന് വിവിധ വിഷയങ്ങളുടെ കോർ കമ്മിററികൾ മാതൃകാ കരിക്കുലം ചർച്ച ചെയ്തു. പ്രൊഫ.ജോർജ് ഡിക്രൂസ്, പ്രൊഫ. ജെയിംസ് ഫിലിപ്പ്, പ്രൊഫ. പി.ജി.സുകുമാരൻനായർ, പ്രൊഫ. എ.പി. കുട്ടികൃഷ്ണൻ, പ്രൊഫ. സണ്ണി കുര്യാക്കോസ്, ഡോ. എം ആർ. സുദർശനകുമാർ എന്നീ കോർ കമ്മിററി കൺവീനർമാർ വിവിധ വിഷയങ്ങളിൽ നടന്ന ചർച്ചകൾക്ക് നേതൃത്വം നൽകി. രണ്ടു ദിവസമായി നടന്ന വർക്ഷോപ്പിൽ അറുപതോളം അധ്യാപകർ പങ്കെടുത്തു. ■

# സാമൂഹിക നിയന്ത്രണമില്ലാത്ത സ്വകാര്യവൽക്കരണത്തെ എതിർക്കുന്നതിനൊപ്പം പൊതു സ്ഥാപനങ്ങളുടെ വിശ്വാസ്യത പുനഃസ്ഥാപിക്കുക......



തിരുവനന്തപുരത്തു നടന്ന കരിക്കുലം ശിൽപ്പശാല ഉദ്ഘാടനം ചെയ്തുകൊണ്ട് കേരള സർവ്വകലാശാല വൈസ്ചാൻസലർ ഡോ. ബി. ഇക്ബാൽ പ്രസംഗത്തിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ.



അത്യധികം സന്തോഷത്തോടെയാണ് എ കെ പി സി ടി എ സംഘടിപ്പിച്ചിട്ടുള്ള ഈ വർക്ഷോപ്പിൽ ഞാൻ പങ്കെടുക്കുന്നത്. സർവകലാശാല വൈസ്ചാൻസലറായി വളരെ യാദൃശ്ചികമായി ചുമതല ഏററു വന്ന എനിക്ക് അക്കാദമിക്ക് ആയിട്ട് സർവകാലാശാല നടത്തി വരുന്ന നവീകരണ പ്രവർത്തനങ്ങൾക്ക് ഏററവും അധികം നിർദ്ദേശങ്ങളും സഹായവും കിട്ടുന്നത് നിങ്ങളുടെ സംഘടനയിൽ നിന്നാണ്.

കേരള സർവകലാശാലയെ സംബന്ധിച്ചു പറഞ്ഞാൽ അടുത്ത കാലത്ത് രണ്ടു പ്രധാന കാര്യങ്ങളിൽ എ കെ പി സി ടി എയുടെ സഹായം ലഭിച്ചിട്ടുണ്ട്. ഏതൊരു സ്ഥാപനവും പ്രവർത്തിക്കണമെങ്കിൽ അതിനൊരു ദർശനം ആവശ്യമാണ്. എല്ലാ സർവ്വകലാശാലകൾക്കും ഒരു വിഷൻ സ്റേറററ്മെന്റ് ആവശ്യമാണെന്ന് യു ജി സി പറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ 250 ലേറെ സർവകലാശാലകളിൽ വിഷൻ സ്റേററ്മെന്റ് തയ്യാറാക്കിയിട്ടുള്ള വിരലിലെണ്ണാവുന്ന സർവകലാശാലകളിലൊന്ന് കേരള സർവകലാശാലയാണ്. ആ വിഷൻ സ്റേറററ്മെന്റിന്റെ അടിസ്ഥാനത്തിലാണ് ഒരു കർമപരിപാടി തയ്യാറാക്കി സർവകലാശാല അക്കാദമിക് വികസനം നടത്തിക്കൊണ്ടുവരുന്നത്. ആ വിഷൻ സ്റേറററ്മെന്റിന്റെ കരടുരേഖയിൽ എ കെ പി സി ടി എ നിർദ്ദേശമനുസരിച്ച് സമൂലമായ മാററം സർവകലാശാല വരുത്തുകയുണ്ടായി. വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് എ കെ പി സി ടി എയുടെ ഭാഗത്തു നിന്നുണ്ടായത്. അതിന് സർവകലാശാലയ്ക്കുള്ള നന്ദി ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്.

കേരള സർവകലാശാല അടുത്തകാലത്ത് വളരെ വിജയകരമായി പോസ്റ്റ് ഗ്രാഡ്വേററ് തലത്തിൽ സെമസ്റ്റർ സംവിധാനം നടപ്പിലാക്കി. അത് നടപ്പിലാക്കുന്നതിലും എ കെ പി സി ടി എയുടെ സജീവമായ ഇടപെടൽ ഉണ്ടായി. സർവകലാശാലയുടെ പ്രവർത്തനങ്ങളെ വിമർശിക്കുന്ന പത്രങ്ങൾപോലും സർവകലാശാലയുടെ കീഴിലുള്ള കോളജുകളിൽ അക്കാദമിക് ഉണർവ് സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് എഴുതി. തുടർന്ന് ഡിഗ്രി തലത്തിലും സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതിന് ഈ വർക്ഷോപ്പ് വളരെയേറെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

ഒരു സാമൂഹ്യ പ്രവർത്തകനെന്ന നിലയിൽ ഈ വർക്ഷോപ്പിന് വളരെ പ്രാധാന്യം ഞാൻ കാണുന്നുണ്ട്. ഇന്ന് കേരളത്തിൽ കൃത്രിമമായ വിവാദങ്ങളുടെയും സംവാദങ്ങളുടെയും അന്തരീക്ഷമാണ് മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. ഗുണപരമായ ഒന്നും കേരള സമൂഹത്തിൽ കാണാൻ കിട്ടാത്ത രീതിയിലേക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. അവിടെ വളരെ അർത്ഥവത്തായ ഒരു ഇടപെടൽ ഒരു സർവീസ് സംഘടന നടത്തുന്നു എന്നുള്ളതാണ് ഏററവും പ്രധാനപ്പെട്ട കാര്യം. തീർച്ചയായും സർവീസ് സംഘടനകളുടെ പ്രാഥമികമായ കടമ അതിലെ അംഗങ്ങളുടെ സർവീസ് കാര്യങ്ങൾ സംരക്ഷിക്കുക എന്നതു തന്നെയായിരിക്കും. ഒരു അധ്യാപക പ്രസ്ഥാനത്തെ സംബന്ധിച്ച്വ്യത്യസ്തമായ ഒരു കടമ കൂടി ഏറെറടുക്കാനുണ്ട്. അക്കാദമിക്കായ ഒരു കടമ കൂടിയുണ്ട്. ആ കടമ കഴിഞ്ഞ പത്തു വർഷമായി ഏറെറടുക്കുന്ന സംഘടനയാണ് എ കെ പി സി ടി എ.

ഇന്നത്തെ ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയത്തിനെതിരെ സമരപരിപാടികളുമായി മുന്നോട്ടു പോകുമ്പോൾ തന്നെ അക്കാദമിക് നവീകരണത്തിനു വേണ്ടി ഈ വർക്ഷോപ്പ് നടത്തുന്നു എന്നുള്ളത് കുറേക്കൂടി പൊതുജനങ്ങളുടെ ശ്രദ്ധയിൽ വരേണ്ടതായിരുന്നു എന്നു തോന്നുന്നു.

ഉദാഹരണത്തിന് സർവകലാശാല അടുത്തകാലത്ത് നടപ്പിലാക്കിയ ഏററവും പ്രധാന അക്കാദമിക് നടപടിയായി പി ജി സെമസ്റ്ററൈസേഷൻ വി.സിമാരുടെ യോഗത്തിൽ റിപ്പോർട്ട് ചെയ്തപ്പോൾ ചെയർമാൻ ആദ്യം ചോദിച്ചത് അധ്യാപക സംഘടനകൾ എതിർത്തില്ലേ?' എന്നാണ്. നമ്മുടെ സംസ്ഥാനത്ത് ഇത് ആവിഷ്ക്കരിച്ചതും നടപ്പിലാക്കിയതും അധ്യാപക സംഘടനകളാണ് എന്നവരെ അറിയിക്കുകയും അവർ അത്ഭുതപ്പെടുകയും ചെയ്തു.

നിങ്ങളുടെ സംഘടനയെ താരതമ്യം ചെയ്യാവുന്നത് വൈദ്യമേഖലയിലെ മറെറാരു സംഘടനയായ കെ എം ആർ എസ് എ യുമായിട്ടാണ്. അതല്ലെങ്കിൽ അവരുടെ അഖിലേന്ത്യാ സംഘടനയായ എഫ് എം ആർ എ യുമായിട്ടാണ്. ലോകത്ത് എല്ലാ രാജ്യങ്ങളിലും മെഡിക്കൽ റെപ്രസെന്ററീമാർ വൈദ്യമേഖലയിലെ ചൂഷണം നടത്തുന്ന ബഹുരാഷ്ട്രകുത്തകൾക്കൊപ്പവും അതിനു കൂട്ടു നിൽക്കുന്ന ഡോക്ടർമാർക്കൊപ്പമാണ്. ഇന്ത്യയിൽ മാത്രം കെ എം ആർ എസ് എ യും, എഫ് എം ആർ എ യും ബഹുരാഷ്ട്രകുത്തകളുടെ ചൂഷണം വെളിയിൽ കൊണ്ടുവരാൻ ജനങ്ങൾക്കൊപ്പം നിൽക്കുകയും വളരെ ത്യാഗങ്ങൾ സഹിക്കുകയും ചെയ്തവരാണ്. സ്വന്തം സാമ്പത്തിക താൽപര്യങ്ങളേക്കാൾ സമൂഹത്തിന്റെ താൽപര്യം ഉയർത്തിപ്പിടിച്ച കെ എം ആർ എസ് എ യുടെ പാരമ്പര്യമാണ് എ കെ പി സി ടി എ അക്കാദമിക് തലത്തിൽ നടത്തുന്നത് എന്നു പറയാൻ എനിക്ക് സന്തോഷമുണ്ട്.

കേരള സമൂഹം ഇന്ന് വലിയൊരു പ്രതിസന്ധി നേരിടുകയാണ്. നമ്മുടെ പൊതു സ്ഥാപനങ്ങളെല്ലാം ജീർണത നേരിടുന്നു. സർക്കാർ സ്ഥാപനങ്ങൾ മാത്രമല്ല പൊതു സ്ഥാപനങ്ങൾ. സാമൂഹ്യ ശാസ്ത്രജ്ഞർ 'Commons' എന്ന വക്കാണ് ഉപയോഗിക്കുന്നത്. Commons പ്രധാനമായും സർക്കാർ സ്ഥാപനങ്ങളാണ്. സാമുദായിക സംഘടനകൾ ജനകീയ പങ്കാളിത്തത്തിലൂടെയാണ് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാക്കിയത്. സമൂഹത്തിന്റെ സംഭാവനയുടെ ഭാഗമായി ഉയർന്നു വന്ന ഈ സ്ഥാപനങ്ങൾ ജീർണിച്ചു തുട

ങ്ങിയിട്ടുണ്ട്. മറുഭാഗത്ത് ഈ ജീർണത ചൂണ്ടിക്കാണിച്ച് യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യവൽക്കരണത്തിലേക്ക് പോവുകയാണ്. ഇതാണ് സ്വകാര്യവൽക്കരണത്തിന്റെ അജണ്ട. ഈ 'Commons' ലുള്ള സ്വകാര്യസ്ഥാപനങ്ങൾ സാമൂഹിക നിയന്ത്രണത്തിന് വിധേയമാണ്. ആരോഗ്യ മേഖലയിൽ ആശുപത്രിയെ സംബന്ധിച്ച് സ്കൂളുകൾക്കും കോളജുകൾക്കുമുള്ളത്രയും നിയന്ത്രണമില്ല.

യാതൊരു നിയന്ത്രണവുമില്ലാത്ത സ്വകാര്യവൽക്കരണത്തിനും ജീർണത നേരിടുന്ന പൊതു സ്ഥാപനങ്ങളുടെയും നടുവിലാണ് പൊതുജനം. സ്വകാര്യവൽക്കരണത്തെ എതിർക്കുമ്പോൾ തന്നെ ഉള്ളിൽ നിന്നും പൊതു സ്ഥാപനങ്ങളെ നവീകരിക്കുകയെന്നത് പുരോഗമന പ്രസ്ഥാനങ്ങളുടെ കടമയാണ്. ജനങ്ങൾക്ക് Commons ലുള്ള വിശ്വാസം പുനഃസ്ഥാപിച്ചുകൊണ്ടു മാത്രമേ സ്വകാര്യവൽക്കരണത്തിനെതിരെയുള്ള സമരം വിജയിപ്പിക്കുവാൻ കഴിയികയുള്ളൂ. അത് തിരിച്ചറിഞ്ഞാണ് എ കെ പി സി ടി എ ഈ വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. അതുകൊണ്ടിതിന് വിശാലമായ സാമൂഹ്യപ്രസക്തിയുണ്ട്.

ഇന്ന് അഫിലിയേററഡ് കോളജുകളിൽ പഠിക്കാൻ വരുന്നത് സാധാരണ കുടുംബത്തിൽ നിന്നും വരുന്ന കുട്ടികളാണ്. സാമ്പത്തികമായി എന്തെങ്കിലും കഴിവുള്ളവർ ഏതെങ്കിലും പ്രൊഫഷണൽ കോഴ്സിനു പോകും. ഇടത്തരം ദരിദ്ര കുടുംബങ്ങളിൽ നിന്നു വരുന്നവരാണ് അഫിലിയേററഡ് കോളജുകളിൽ ചേരുന്നത്. അവരെ സംരക്ഷിക്കുക എന്നത് രാഷ്ട്രീയ കടമയാണ്. കൂടാതെ അക്കാദമിക് ആയിട്ടും ഈ കോഴ്സുകളെ സംരക്ഷിക്കേണ്ടതുണ്ട്. അടിസ്ഥാന ശാസ്ത്ര മാനവിക ഭാഷാ വിഷയങ്ങളാണ് കോളജുകളിൽ പഠിപ്പിക്കുന്നത്. അവയെ അവഗണിച്ചുകൊണ്ട് മററു ശാസ്ത്രശാഖകൾ വികസിപ്പിക്കുവാൻ സാധ്യമല്ല. ഈ കോഴ്സുകളുടെ ഗുണനിലവാരം സംരക്ഷിക്കുന്നതും പ്രധാനമാണ്.

യു ജി സി 12 വർഷത്തിനുശേഷം മൊത്തം പുനഃസംഘാടനം നടത്തി അയച്ചിട്ടുണ്ട്.പ്രാഥമിക പരിശോധനയിൽ നമ്മുടെ സർവകലാശാല ഡിപ്പാർട്ട്മെന്റുകളിൽ നിലവിലുള്ള കരിക്കുലം മോശമല്ല എന്ന് മനസിലാക്കാൻ കഴിഞ്ഞു. ചില വിഷയങ്ങളിൽ മെച്ചവുമാണ്. ഉള്ളടക്കം മാത്രമല്ല സെമസ്റ്റർ സമ്പ്രദായത്തിലേക്കുള്ള മാററവും ഈ വർക്ക്ഷോപ്പിൽ ചർച്ച ചെയ്യുന്നുണ്ട്. അടുത്തവർഷം ബിരുദതലത്തിൽ സെമസ്റ്റർ സംവിധാനം നടപ്പിലാക്കാൻ ഈ വർക്ക്ഷോപ്പ് വളരെ സഹായകരമാകും. യൂണിവേഴ്സിററിയുടെ അദ്ധ്വാനഭാരം കുറയ്ക്കാനും അധ്യാപക പങ്കാളിത്തം ഉറപ്പാക്കാനും യൂണിവേഴ്സിററികളിൽ ഏകീകൃത സ്വഭാവം കൊണ്ടുവരാനും ഈ വർക്ക്ഷോപ്പ് ഉപകരിക്കും.

വൈജ്ഞാനിക വിസ്ഫോടനത്തിന്റെ ഈ കാലത്ത് ഉള്ളടക്കത്തിന്റെ കാര്യത്തിൽ മാററം ആവശ്യമാണ്. കോഴ്സ് പുനഃസംഘാടനം സമഗ്രമായിരിക്കണം. Teaching - Learning Process കൂടി പുനഃസംവിധാനം ചെയ്യണം. സെമസ്റ്റർ സമ്പ്രദായമാക്കുകയും പഠിക്കുന്ന രീതിയും പഠിപ്പിക്കുന്ന രീതിയും വാർഷിക പാഠ്യക്രമത്തെ അടിസ്ഥാനപ്പെടുത്തി തുടരുകയും ചെയ്താൽ അതിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സാധിക്കുകയില്ല. സെമസ്റ്റർ സമ്പ്രദായത്തിൽ Continuous assesment ആണുള്ളത്. പാഠ്യക്രമങ്ങളിൽ വന്നിട്ടുള്ള മാററങ്ങൾ ഉൾക്കൊള്ളണം. വിവരസാങ്കേതിക വിദ്യയുടെ പ്രയോഗം, വിദ്യാർത്ഥി കേന്ദ്രീകൃതമായ രീതികളും പരിശോധനയ്ക്കു വിധേയമാക്കണം. Evaluationന്റെ രീതിയും മാറേറണ്ടിവരും ഇതെല്ലാം വർക്ക്ഷോപ്പിൽ വിശദമായ ചർച്ചക്കു വിധേയമാക്കണം.

തയ്യാറാക്കിയത്: എം.ആർ.സുദർശനകുമാർ

## എൻ. എസ്. എസ്. കോളജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിലിൻെറ പുതിയ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡൻറ് | : | ഡോ. എൻ. രാജൻ (മഞ്ചേരി) |
| വൈസ് പ്രസിഡൻറ് | : | പി. ജി. സുകുമാരൻ നായർ (പന്തളം) |
| സെക്രട്ടറി | : | ഡോ. കെ. വിജയകൃഷ്ണൻ ( ചങ്ങനാശ്ശേരി) |
| ജോയിൻറ് സെക്രട്ടറിമാർ | : | ആർ. മുരളീധരൻ ( ഒററപ്പാലം) |
| | | ആർ. ശ്രീകുമാർ (ചേർത്തല) |
| | | എൽ. ആർ. രാധാകൃഷ്ണൻ കർത്താ ( വാഴൂർ) |
| ട്രഷറർ | : | കെ. മോഹൻകുമാർ ( കൊട്ടിയം) |

# *Higher Education: An Investment For Empowerment*

**Thomas Joseph**
**President, AKPCTA**

*Education is an investment in the present and the future. This cardinal principle is the key to the National Policy on Education. (The New Education Policy, 1986,P.3)*

**RE-COLONIZATION**

If the twentieth century was the century of de-colonization, the twenty first is very likely to be the century of re-colonization. The process of re-colonization which began in the last decade of the last century is likely to come to maturity in the first decade of the present century. The new colonizer operates with much more speed and subtlety than his older counterpart. He colonizes not by the strength of his muzzle, but by the strength of his intellect. The strategy of the old colonizer was combative. He had to overcome his rivals and subject populations by force and physically take over the colonized land and administer it. The new colonizer conquers the mind of the subject populations. He rules by manipulating the consent of the colonized. He comes to his subject as a friend, philosopher and guide. He invites the other to join him in a game of competition, which he is playing in collaboration with his rivals in the field. He would even concede an occasional victory to the subjects so as to create an impression of fair play. What is more, even the rules of the game are fixed through matual negotiations. The subtlety of the new arrangement can be gauged from the fact that the negotiations are made through respectable international forums of the United Nations Organization and the agreements drafted in a language that cleverly disguises its exploitative intent.

The IMF, the World Bank and the WTO - all instruments of the UNO - are infact operating at loggerheads with the more equitable agencies of the UNO like the UNESCO, the ILO and the WHO. While the latter promotes the ideal of international understanding and development through mutual co-operation, the former promotes the agenda of exploitation of the Weak by the Strong through unequal competition. The international agreements on trade in goods and services and intellectual property rights are instruments of re-colonization. The most exploitative of the agreements are those

relating to intellectual property rights and trade in services, both of which put a premium on Higher Education. While the patent regime has already come into existence, the agreement on trade in services (GATS) is under negotiation and is slated to come into operation in 2005. Since services constitute about 70% of the market transactions in the developed world, the economic value of Higher Education, which holds the key to services, has registered a sharp increase in recent times. This has given rise to two developments: a tendency to restrict access to Higher Education by making it dearer and a tendency to commercially exploit it by selling it at a premium in the market. The United States is estimated to make a profit of 7 billion dollars a year by the sale of its educational wares abroad. The potential global market in Higher Education through the sale of degree/diploma courses is estimated to be worth a billion dollars. The indirect market in Higher Education in the form of intellectual property rights and services created/provided by the educated elite is worth many billion dollars.

## Human Capital

The World Bank has itself taken note of the special value of Higher Education in the modern knowledge-economy. According to a recent study conducted by the Bank in 192 countries, physical capital and natural wealth accounts for only 16 and 20 percent respectively of the total wealth of these nations. Human Capital accounts for the rest of the 64% of the wealth! In fact, there is a direct co-relation between the extent of human capital and economic prosperity. Human capital in highly developed countries like Germany, Japan and Switzerland is as high as 80% of the total wealth while that of the least developed Sub-saharan countries is as low as 50%. Higher Education is one of the important inputs for the development of human capital. The percentage of population undergoing higher education in the relevant age group of 18-23 is invariably higher in developed countries than in developing countries and underdeveloped countries. The World Bank has estimated that enrolment ratios in higher education average 51% in countries that belong to the Organization of Economic Cooperation and Development (OECD) compared with 21% in middle-income countries and 6% in low-income countries. Experts hold that an enrolment ratio of 20% in higher education in sine qua non for economic development in the modern world. The Executive summary of the World Document Higher Education: The Lessons of experience (1994) states: *Higher Education is of paramount importance for economic and social development. Institutions of higher education have the main responsibility for equipping individuals with advanced knowledge and skills required for positions of responsibility in government, business and the professions.*

## Merit Good vs. Non-Merit Good

Despite the above, the World Bank document puts forward the argument that the developing countries should not invest their scarce resources in Higher Education! The argument is supported by setting off primary education against higher education. It is claimed that primary and secondary education have a greater claim to subsidies as compared with higher education since the rate of social return on investment in the former is comparatively greater than that of inversment in the latter. To quote: *Indeed it is arguable that higher education should not have the highest priority claim on incremental public resources available for education in many developing countries, especially those that have not yet achieved adequate access, equity and quality at the primary and secondary levels. This is because of the priority that countries attach to achieving universal literacy; because the social rates of return on investments in primary and secondary education usually exceed the returns on higher education; and because investments in basic education can improve equity because they tend to reudce inequalities.*

The Government of India, through its own official documents and reports sponsered by it, has duplicated the World Bank's doublespeak. The discussion paper 'Government Subsidies in

India issued by Government of India in May 1997 sought to differentiate between merit goods and non-merit goods on the basis of their externalities or social returns. The paper suggested that cutting down the subsidies on non-merit goods could reduce fiscal deficits. It brought out the fact that in 1994-95 subsidy for services provided by the central and state governments amounted to 14.4% of the GDP, of which 5.6% was spent on education. It was proposed that the extent of total subsidies be reduced by 50%. Education beyond elementary level was classified as non-merit good because here the benefits of subsidies accure primarily to the recipients. On the contrary, the benefits of providing elementary education spread well beyond the immediate recipients. Therefore, it was argued that the subsidy on higher education should be reduced from the existing 90% to 25% over a period of five years. In justification of the stand, it was also pointed out that the rich often appropriate the subsidies in higher education and that the target population is not actually benefitted by the subsidies. Since public spending is financed by public tax, subsidizing higher education would actually amount to subsidizing the rich by the poor!

The same arguments are put forward with lesser internal consistency in the 'Report on A Policy Framework for Reforms in Education' more popularly known as Ambani Birala report after their authors, submitted to Prime Minister's Trade and Industrial Council in April 2000. The report is full of praise for the educational achievements in Sweden and China where almost the entire expenditure on eudcation, even at the level of higher education, is met by the Government. Sweden spends 8.3% of its national income on education. Yet, the report only recommends the Indian government to spend 3.15% of the GNP on education, which is far below 6% recommended by Kothari Commission and even lesser than 3.8% now being spent by the Government. The expenditure in higher education should be shared between the private and public sector in the ratio of 60:40. Despite labelling higher education as a non-merit good, Ambani and Birla want the Government to subsidize courses like History, Geography and Philosophy for which there is little commercial demand, leaving courses with market demand like Management Studies, Information technology and Biotechnology in the self-financing sector to be exploited by educational entreprenuers like themselves. The Government's role in this for-profit area could be restricted to providing guarantee for student loans to ensure riskfree profitability. The report welcomes investment not only by domestic entreprenuers, but by foreign investors as well. There could be either foreign investment (FDI) or investment throught franchisees in India. There could be private universities and private franchisees dispensing 'world class education' at 'world-class' rates. The logical fallacies are glossed over in the eagerness to promote business. At one stage, it is stated that the entry of foreign entreprenuers is necessary to ensure the quality imperatives of Indian higher education. At another stage, it is argued that the courses offered by Indian universities will be of great demand abroad beacuse many foreign countries offer only sub-standard education. Ambani-Birla report is only an ineffective apology for profiteering in education.

It is obvious from the above that the conceptual framework for the Government paper on subsidies and the Ambani Birla report is based on the World Bank document on Higher Education. The World Bank prioritizes elementary education over higher education only to facilitate its hidden agenda of re-colonization. The objective is to restrict access to higher education for poor people and poor nations at a time when higher education has become an essential component of economic empowerment.

## Public good

Rejecting the World Bank's estimate of higher education as a non-merit good, the policy document 'Higher Education in the Twenty-First Century: Vision and Mission' framed by the World Conference on Higher Education (1998) has cat-

egorically stated that higher education should be considered as a public good, the benefits of which cannot be fully estimated in monetary terms alone. The Framework for Priority Action for Change and Development of Higher Education recommends that the states, including their governments, parliament and other decision makers should establish, where appropriate, the legislative, political and financial framework for the reform and further development of higher education, in keeping with the terms of Universal Declaration of Human Rights, which establishes that higher education shall be accessible to all on the basis of merit. No discrimination can be accepted, no one can be excluded from higher education or its study fields, degree levels and types of institutions on grounds of race, gender, language, religion, or age because of any economic or social distincition or physical disabilities. The same position was stated in an earlier UNESCO document Policies for Change Development in Higher Education (1995) which maintained: *State and society must perceive higher education not as a burden on federal budgets but as a long term domestic investment in order to increase economic competitiveness, cultural development and social cohesion.*

Classification of higher education as a non-merit good has been made without properly appreciating the fact that education is continuum. A compartmental view of education is unscientific. There is a strong element of interdependence among various stages of education. For example, teachers for elementary schools are groomed through higher education. Secondary education is a feeder to higher education. It is presumptuous to isolate one stage of education from the other. The exclusive promotion of primary education is part of a comprehensive neo-colonial policy for exploitation on a global scale. Universalilsation of elementary education is as vital as denial of access to higher education for the *'cocolonization'* of the world. A minimum level of learning is required for creating awareness about goods/services available in the international market. Academic impoverishment at higher levels is necessary to sustain the demand for such goods and services by ensuring their non-production in the third world. The dichotomy of elementary verses higher edcuation has left middle and secondary education out of consideration. They fall between two stools. Punnayya Committee (1993) criticized the tendency to view higher education in contradistinction with primary education. The Committee observed: *While it is mandatory that the nation achieves universal elementary education and total literacy, at the same time, it cannot afford to neglect and relegate to a neglected position our quest to achieve global standards in education. The Committee deprecates the tendency which views education in a truncated fashion and sets one sector against another.*

The argument that middle and upper income groups appropriate most of the subsidies in higher education is no justification for denying subsidies in education. It is estimated that only about 14% of the Indian households can afford to meet the full cost of the higher education of their wards. In a country where about 40% of the population still live below poverty line and a majority of the population belongs to the socially backward sections and lives in villages where facilities for higher education are lacking, all avenues for upward mobility for first generation learners will be denied if subsidies for higher education are withdrawn. Moreover, it has been pointed out that about 70% of the subsidies in higher education reach the target groups. If the government is serious, it may not be difficult to reserve the entire benefits of subsidies to those who really deserve them by making a provision for admission according to merit and payment according to means. It is sometimes argued that subsidies spent on Higher Education involve a lot of waste. This is no new argument. The great economist Alfred Mawshall's words in this regard still holds good: *All that is spent during many years in opening the means of higher education to the masses will be paid for if it called out one more Newton or Darwin, Shakespeare*

*or Beethoven* (Principles of Economics, 1890)

It is suicidal to neglect higher education with the prospect of the General Agreement on Trade in Services (GATS) coming into operation in 2005. Education, in particular higher edcuation, is one of the items listed for international trade. Other items in th list such as communications, health, tourism and travel, construction and engineering etc. put a premium on higher education. Four modes of transactions are envisaged. They are 1) Cross-border supply 2) Consumption abroad 3) Commercial presence 4) Presence of natural persons. It will be difficult for India to protect its economic, social and cultural independence without developing its intellectual base. Free import of mass produced goods/services without corresponding export will destroy Indian enterprise.

## Prescriptions Verses Practices

We should be guided more by the actual practices of developed countries in the field of higher education than by the prescriptions of the World Bank in this regard. A global review clearly shows that in most countries education is almost exclusively financed by the governments. In OECD countries, public funding in education in 1991 was as high as 99% of the total expenditure in Denmark, 96% in the Netherlands and 90% in Canada. Even in the United States, it was as high as 78%. In India it was 89%, in Indonesia 62.8% and in Kenya 62.2% (World Bank, 1995). Countries like Japan and South Korea, for instance, have attained the status of miracle economies, largely due to the most favoured expenditure treatment accorded to education by the governments concerned. In 1913, Japan was publishing more books than Britain and more than twice as many as United States, despite being still very underdeveloped and poor. Today countries like Japan, Korea, USA and Germany spend 6 to 8% of their GNP on education. Tilak (1997) points out that state funding for higher education was high in OECD countries in 1980s. It was 88% in Australia (1988), 89.5% in France (1984), 68.5 in Germany (1986) and 90% in Norway (1987). Even today, fees constitute only 4% of the total expenditure on education in France, 14% in Britain and 15% in public institutions in America. Indian students also pay 15% of the expenses in state run Universities. Cost - sharing experiment started in developed countries only after reaching an enrolment ratio of 35% and above. Despite having the second largest higher education system in the world with 279 universities, 13000 colleges, over 75 lakh students and 3.5 lakh teachers, enrolment rate of the relevant age group in India still lags behind at 6%. This calls for a concerted effort at massification of higher education by according it the status of a public good.

## References:


1. Ambani Mukesh (Convener), 2000, Report on A Policy Framework for Reforms inin Education, Prime Minister's Council on trade and Industry, Govt of India, New Delhi.
2. Govt. of India, 1986, National Policy on Education 1986, Department of Education, Govt. of India, New Delhi.
3. ........., 1997, Discussion paper, Department of Economic Affairs, Govt. of India, New Delhi.
4. Marshall. Alfred 1890, Principles of Economics: an Introductory volume; London Macmillan, 1949.
5. Tilak, J.B.G, 1997. Five Decades of Under Investment in Education, EPW, Sept 6.
6. UNESCO, 1995, UNESCO Policy Paper on Change and Development in Higher Education, www.unesco.org.
7. ......., 1998, Higher Education in the TWenty-First Century: Vision and Action, www.unesco.org.
8. University Grants commission, 1993, UGC Funding of Institutions of Higher Education (Punnayya Committee Report, UGC, New Delhi..
9. World bank, 1994, Higher Education: The Lessons of Experience. The World Bank, Washington, DC.
10. .........1995, Priorities and Strategies for Eduycation, World Bank review. The World Bank Washington, DC ■

*with best compliments of*

# BI PUBLICATIONS (P) LTD.

28/2758, SHARADA NIVAS,
KUTHIRAVATTOM ROAD, KUNNUMPURAM
THIRUVANANTHAPURAM - 695 001

Phone : 0471 - 472013
Fax : 0471 - 472073
e-mail:biptvpm@satyam.net.in

Head Office: 54, Janpath, New Delhi 110001
Branches : Ahamadabad, Bangalore, Chennai, Kolkatha, Mumbai And New Delhi

# We need a comprehensive river management policy

**Dr.Mathew Koshy Punnackadu**

Bishop Moore College, Mavelikara

The recent move of Ministry of Environment of Central Government to sanction Rs.272 crore for the River Pamba as per the recommendation of Kerala State Pollution Control Board will not help the protection of the river in any way . The action plan for Pamba has been drafted not basing on any published Scientific papers, but on Ganga Action Plan. It is quite interesting to note that there is no comparison between the pollution of a major River Ganga. and a medium River Pamba. How can a proposal be sanctioned without any proper scientific study. The State Pollution Control Board which is claiming the monitoring of the water quality of River Pamba has not conducted a comprehensive scientific study. A comprehensive status of a river can not be predicted by simple water analysis. They have never published their work except the water quality parameters of two stations in River Pamba.

As I have been doing research by collecting sediment and water samples from different 10 stations in the river from Pamba Triveni to Takazhi since 1996 and comparing my results with the researchers on other rivers all over the world, I would like to present some facts regarding the river Pamba.

1) The value of physico-Chemical parameters of the water and the sediment at all the stations were below the permissible level. The Maximum probable number of Coliform Bacteria were infinite at the places very near to prilgrim centre during the season.
2) There is no factory or a big city on the banks of River Pamba. But this is not the case of River Periyar, Chaliyar and Karamana flowing through Kerala. The water quality Statistics 1996 & 1997 published the Central pollution control Board clearly States that these rivers are more polluted than river Pamba.
3) The pollution of River Pamba is related to pilgrimage only and it is seasonal and regional. The coliform bacterial contamination is high only at the pilgrim areas and the water stagnated areas in the river.
4) As per the media reports the water of Pamba

is contagious due to bacterial contamination. But it is interesting to note that the Coliform bacterial count is nil where there is a good flow of water. The pollution due to coliform bacteria can be minimised or controlled by increasing the flow of water in river Pamba.

5) The coliform bacteria are not a toxic bacteria. The presence of coliform organism in water is an indicative of the water being contaminated with faecal matter. Pathogenic Bacteria are difficult to detect but are often associates of Eecherchia Coli (coliform bacteria). A coliform bacteria can be detected by fairly a simple technique, it is used an an indirect assessment of pathogenic bacteria. The operating assumption is that as long as E.Coli is present, there is a chance that some pathogenic bacteria are also present.

6) The infinitive value of coliform count at Pamba Triveni is due to the anthropogenic activities of the pilgrims. The accomodation facilities for the pilgrims coming from other states be provided at the nearest towns. Such satellite centres will reduce the pollution load at the pamba. The coliform count at Pamba Triveni can also be reduced by increasing the flow of water. For this, a mini dam has to be constructed on the upstream of Pamba Triveni, which can be opened during the pilgrimage season.

7) The coliform bacterial count at the downstream stations was due to the indiscriminate use of water by the people living adjescent to the river banks. The dumping of wastes of all kinds into the river and all types of washing in the river water were taking place on account of easy access to the river. The feasibility of planting rattan




*We owe our success to a four letter word.*
*'Care' Experience it. Drop in today.*

THE WYTE FORT

Hotel **WYTE FORT**, N.H.47, Bypass, Maradu, Kochi, Kerala, India-682304
Phone: 0484-706952-56 (5 lines) Fax 0484-706034
E-mail: the whitefort@vsnl.net. Website: thewhitefort.com

reed along the banks has to be seriously considered as it will reduce the access of the river and enhance the recharging of ground water. It will also be a natural alternative to the proposal of constructing a retaining wall along the banks of the river.

8) As per the Pamba action plan, check dams are being planned at different stations. But it will cause the stagnation of water resulting in the enhancement of bacterial contamination. This will reduce the dissolved oxygen content in water which will be harmful to the acquatic life.

9) As per the Pamba action plan, out of Rs.272 crore, 43 crores has been enmarked for sannidhanam (Pilgrimage centre). The State pollution control Board has alloted the rest of money to grama panchayats in downstream of the river. If there is any pollution in river Pamba that is in river Pu,mba Triveny. The money that is alloted for that place is only below 20%. All the political leaders in these grama panchayats are happy as they are going to get a share of the money for the developmental work in their panchayats in the name of undertaking pollution control measures. These construction works will enhance the sand mining in the river which is now in the peak level. Sewage treatment plant, electric crematorium, slaughter housesm toilet facilities etc are in the Pamba action plan. Without analyzing the sewage from the small towns in this area how can the Pollution control board propose sewage treatment plan in all the towns. Any construction work on the banks of the river may not be a solution for reducing bacterial contamination.

10) As long as the agriculture is being promoted by using fertilizers, pesticides and herbicies the river cannot be protected. The residues of this, at last, will reach the river and it will affect the acquatic life and at last it will reach the human system through fish. Nothing has been mentioned about the agriculture in these hilly areas through which the river is flowing. The pesticides sprayed in the higghranges at last reach in the river.

11) The uniqueness of the inter linkage between the water and land is manifested in river basins. Hence a comprehensive ecological concept is needed to understand the comprehensive river management policy. Any effort to protect a single river from environmental degradation will not serve the purpose. The campaigns of environmentalists focussing on individual rivers will not be helpful in a wider perspective. The polluted river will contaminate the water table and thereby all other rivers in Kerala as they are flowing closely or interconnected through an area of 38864 km. Hence a comprehensive river management policy for the state is needed. Today river management is related to land use changes, water resource developments and industrial expansion which have altered the pattern of run off, quality of river water, and the load of sediment delivered to river channels. A goal of sustainable development requires integrated land and water planning based upon the river catchment as the fundamental unit, incorporating new environmental ethic.

12) Modern river management faces four challenges: (I) to meet the growing demands for water resources, especially for irrigation and agriculture, (II) to control water quality and to achieve effective waste management, (III) to sustain water and land resources, including bio-diversity and nature conservation and (IV) the uncontrolled sand mining. Hence I would like to state that the present Pamba Action Plan under consideration will not help the river in any way but only help some civil engineers and contractors. Implementation of a comprehensive river management policy is essential to protect the rivers. ■

# OXFORD

## UNIVERSITY PRESS

New books released in September 2002

| Subject Desc | ISBN No. | Author | Title | Price | Curr |
|---|---|---|---|---|---|
| Ecology/Environment | 0195663266 | Kapadia, Harish | Himalayan Journal Volume 58 | 450 | INR |
| Ecology/Environment | 0195664264 | Sign, Satyajit | Taming the waters (OIP) | 295 | INR |
| Ecology/Environment | 0195663209 | Webb, James, Lajr | Tropical Pioneers | 595 | INR |
| Economics | 0195659074 | Mukherji, Anjan | Intr. To General Equilibrium HB | 495 | INR |
| History | 0195663454 | Bayly, C.A. | Rulers, Townsmen (OIP) | 295 | INR |
| History | 0195662652 | Eaton, Richard M. | Essays on Islam & IND Hist OIP | 275 | INR |
| History | 0195661095 | Raychaudhuri, Tapan | Europe Reconsidered | 625 | INR |
| History | 0195657896 | Rehman, A (Editor) | India's Interaction with China | 1750 | INR |
| Law | 0195664566 | Sivaramayya B. | Matrimonial Property Law | 150 | INR |
| Literature | 0195652223 | Nair, RB | Lying on the post colonial couch | 595 | INR |
| Literature | 0195663497 | Rubin, David | The return of saraswati (OIP) | 175 | INR |
| Literature | 0195663802 | Tendulkar,Vijay | Kanyadaan (OIP) | 125 | INR |
| Philosophy | 0195653904 | Olson, Carl | Ind Philosophers & Postmod | 575 | INR |
| Philosophy | 0195657845 | Prasad, Rajendra | Dharmakirthi's Theory of Infer. | 625 | INR |
| Religion | 0195664477 | Mcleod | Who is a sikh new edn (OIP) | 225 | INR |
| Religion | 0195152271 | Kapstein | Tibetan Assimilat of Buddhism | 595 | INR |
| Sociology | 0195658884 | Srinivas Etal | Field workers & The Field | 495 | INR |
| Trade Books | 0195660366 | Thapar, Valmik | The cult of the tiger | 295 | INR |
| General Science | 019515102X | Pervin | The science of personality 2/E | 1475 | INR |
| Business Studies | 019874269X | Ackroyd | Organization of Business | 596 | INR |
| Clinical Medicine | 0632065168 | Armstrong | Diagnostic Imaging new | 1378 | USS |
| Computer Science | 0195118316 | Klosgen | HB of data mining & know disc | 195 | INR |
| Culture/Media | 0195119673 | Adair | Alfred Hitchcock HB | 325 | STG |

**STOCK AVAILABLE AT**

Regional Office - '219' Anna Salai Chennai 6 Ph 811 22 67 / 99 e_mail orders@oupin.com

**Showrooms:**

94 Koramangala Industrial Area 4th Cross 5th Block Bangalore 560095 Ph 5534286 oup bsr@vsnl.net

3-5-11-8 Narayanaguda Hyderabad 500 029 Ph 4750155 ouphsr@hd2.dot.net.in

Kesava Buildings, I floor, TC No. 25/1437 (2) Thampanoor, Thiruvananthapuram 695 001

Ph: 330995 ouptsr@vsnl.net

## പ്രൈവററ് കോളജദ്ധ്യാപക പ്രസ്ഥാനം കേരളത്തിൽ

# The History of a 'Cut'

**പ്രൊഫ: വി.എൻ.മുരളി**
മുൻ ജനറൽസെക്രട്ടറി, എ.കെ.പി.സി.ടി.എ

മു 'ബാല്യകാലസഖി' ജീവിതത്തിൽ നിന്നും വലിച്ചുചീന്തിയ ഒരേടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു". വൈക്കം മുഹമ്മദ് ബഷീറിന്റെ 'ബാല്യകാലസഖി'യെപ്പററി പ്രൊഫ. എം.പി.പോളിന്റെ ഈ നിരീക്ഷണം വളരെ പ്രസിദ്ധമാണ്. ജീവിതവും കൃതിയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു പഠിപ്പിക്കാൻ പലപ്പോഴും ഇത് ഉദ്ധരിക്കാറുണ്ട്. നോവൽ സാഹിത്യം, ചെറുകഥാ പ്രസ്ഥാനം, ഗദ്യഗതി, സൗന്ദര്യനിരീക്ഷണം തുടങ്ങിയ അടിസ്ഥാന ഗ്രന്ഥങ്ങൾ എഴുതുന്നതിനുമുമ്പ് പ്രൊഫ. പോൾ 1932-ൽ ഒരു ചെറിയഗ്രന്ഥം രചിച്ചു 'The History of a Cut'. ഈ പുസ്തകം പോളിന്റെ ജീവിതത്തിൽ നിന്നും ചീന്തിയെടുത്തതും വക്കിൽ രക്തം പൊടിഞ്ഞു നിൽക്കുന്നതുമാണ്. തൃശൂർ സെന്റ്തോമസ് കോളേജ് മാനേജ്മെന്റും പോളും തമ്മിൽ നടത്തുന്ന കത്തിടപാടുകളാണ് ഇതിൽ പ്രധാനം. ചരിത്രരേഖകളാണ് ഈ കത്തുകൾ. ശാന്തസ്വരൂപനായിരുന്നു പോളെങ്കിലും അദ്ദേഹത്തിന്റെ ഭാഷയുടെ കരുത്തിനെ പ്രതിരോധിക്കാൻ മാനേജുമെന്റിന് കഴിഞ്ഞിരുന്നില്ല. ഒരു ഘട്ടത്തിൽ താങ്കളുടെ ഭാഷ ഞങ്ങൾക്കിഷ്ടപ്പെടുന്നില്ല എന്ന് മാനേജ്മെന്റ് വെട്ടിത്തുറന്ന് പറയുന്നുമുണ്ട്. ഈ 'എഴുത്തുകുത്തുകൾ' സമാഹരിച്ച് അതിമനോഹരമായ ഒരു ആമുഖവും അതിന് പോൾ എഴുതി. മാനേജുമെന്റുകളുടെ കപടമുഖം എക്കാലത്തും ഒന്നു തന്നെ എന്ന് ആ 'ആമുഖം' നമ്മോടു പറയുന്നു. ഈ കൊച്ചു ഗ്രന്ഥത്തിൽ രചയിതാവായിട്ടല്ല എഡിററർ ആയിട്ടാണ് പോൾ പ്രത്യക്ഷപ്പെടുന്നത്.

മററുള്ളവന്റെ പോക്കററിലെ പണം ആകർഷിച്ചെടുത്ത് 'സേവനം' നിർവ്വഹിക്കുന്നവരാണല്ലോ മാനേ



തൃശൂർ സെന്റ്തോമസ് കോളേജ്

ജരന്മാർ. അന്നും ഇന്നും അതിന് മാററമില്ല. ജീവനക്കാരന്റെ അല്പശമ്പളത്തിന്മേൽ എപ്പോഴും അവർക്ക് നോട്ടമുണ്ട്. തരംകിട്ടിയാൽ അതിൽനിന്നവർ കിട്ടാവുന്നത്രയും പിടിച്ചെടുക്കും. പണ്ടൊക്കെ അദ്ധ്യാപകർ ഒപ്പിട്ടുകൊടുക്കുന്ന തുക അവരുടെ കയ്യിൽ കിട്ടുമായിരുന്നില്ല. ഇത്തിൾക്കണ്ണികൾ പോലെ ശമ്പളത്തിൽ നല്ലൊരുവിഹിതം ഓരോ കാരണം പറഞ്ഞ് മാനേജർ സ്വന്തമാക്കിയിരുന്നു. ഇതുപററില്ലെന്ന് അദ്ധ്യാപകർ മുഷ്ടിചുരുട്ടിപ്പറഞ്ഞപ്പോഴാണ് ഈ 'പോക്കററടി' അവസാനിപ്പിക്കാനായത്. തൃശൂർ സെന്റ് തോമസ് കോളജിൽ പ്രൊഫ. എം.പി.പോളിന് പ്രശ്നങ്ങൾ തുടങ്ങിയത് മാനേജുമെന്റിന്റെ ഒരു കത്ത് പ്രിൻസിപ്പൽ പൗലോക്കാരൻ അദ്ധ്യാപകർക്കിടയിൽ സർക്കുലേററ് ചെയ്തതോടെയാണ്. ഇതായിരുന്നു കത്ത്:

Rev. Dear Fr.

You are well aware that owing to the unprecedented economic depression, several Private Colleges in India have already made cuts in the salaries of the staff. We have been watching the situation with anxiety and hoping that such a step would not become necessary in our college. But it is now found that the finances of the Diocese have been very seriously affected and that the management has another alternative but have recourse to a policy of retrenchment. And so with the sanction of His Ex. the Patron of the college I have to announce a cut of 10% on salaries of Rs.100 and above and 71/2% on those below Rs.100, to be effective from the February pay onwards. The members of the staff may rest assured that this will not continue further than is absolutely necessary and in determining its cessation the policy adopted by the other Private Colleges on the West Coast will be steadily kept in view. I firmly trust that the members of the college staff will willingly make this sacrifice so as to enable the management to tide over the present difficulty. You will kindly show this letter to all the members of the staff.

Sd/-
M.Edakolathur,
Manager

Trichur
3rd March, 1932

*Communicated to the members of the staff*

Sd/-
J.Palocaren
Principal

4th March, 1932

എഴുപത് വർഷംമുമ്പ് മാനേജ്മെന്റ് എഴുതിയ ഈ കത്ത് അന്നത്തെ അദ്ധ്യാപകന്റെ നിസ്സഹായാവസ്ഥയുടെചിത്രംവരയ്ക്കുന്നുണ്ട്. 1930-കളിൽ ലോകത്ത് സാമ്പത്തികമാന്ദ്യമുണ്ടായതിന്റെ ഫലം അനുഭവിക്കേണ്ടത് സെന്റ് തോമസ് കോളേജിലെ പാവം അദ്ധ്യാപകരാണ്. അതും ആകെയുള്ള നൂറുരൂപാ ശമ്പളത്തിൽ നിന്നും പത്തുശതമാനം ഏകപക്ഷീയമായി പിടിക്കുന്നു. സാഹിത്യഭാഷയിൽ പോൾ ഇതേപ്പററി പറയുന്നു: "One fine morning the members of the St.Thomas College Staff woke up to find themselves ten percent poorer (though none too rich before"). മാനേജ്മെന്റ് നടത്തുന്ന പോക്കററടിയുടെ ചിത്രം ഇതിലും ഭംഗിയായി പറയാനാവില്ല. അടുത്ത മാസംമുതൽ നിങ്ങളുടെ ശമ്പളം 10% കണ്ട് വെട്ടികുറയ്ക്കുന്നുവെന്ന് അറിയിച്ചിട്ട് അടുത്തവാചകത്തിൽ മാനേജ്മെന്റ് പറയുന്നത് അദ്ധ്യാപകർ സ്വമേധയാ ഇങ്ങനെയൊരു 'ത്യാഗ'ത്തിന് തയ്യാറാകണമെന്നാണ്. തിരുവായ്ക്ക് എതിർവായില്ലാതെ മാനേജ്മെന്റ് നിർദ്ദേശം അദ്ധ്യാപകർ അംഗീകരിച്ചെങ്കിലും ഒരാൾ ഇതിനെ ശക്തിയായി എതിർത്തു - പ്രൊഫ. എം.പി.പോൾ. മാനേജ്മെന്റ് ആവശ്യപ്പെടുന്ന 'ത്യാഗത്തി'ന് താൻ തയ്യാറല്ലെന്ന് മറുപടികത്തിലൂടെ അദ്ദേഹം അവരെ അറിയിച്ചു. ശമ്പളം തരുന്നതിന് മാസംതോറും കൃത്യതവേണമെന്ന് മുമ്പ് വാദിച്ചു വിജയിച്ച പോൾ ഇവിടെ കുറെക്കൂടി ഉയർന്ന സമരരൂപം സ്വീകരിക്കുകയായിരുന്നു. കൂടെനിൽക്കാൻ എത്രപേരുണ്ടാകുമെന്നതൊന്നും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. തനിക്ക് ഉത്തമബോദ്ധ്യമുള്ള ഒരു കാര്യത്തിന്മേൽ ശക്തമായ നിലപാടെടുക്കുകയും അതിനുവേണ്ടി അണുവിട വ്യതിചലിപ്പിക്കാതെ ഉറച്ചു



പ്രൊഫ. എം.പി. പോൾ

നിന്ന് പോരാടുകയുമാണ് പോൾ ചെയ്തത്. മാനേജുമെന്റിന് അദ്ദേഹം മറുപടി എഴുതി:

From

M.P.Paul, M.A
Asst. Lecturer in English
St.Thomas College
Trichur

To

Rt. Rev.Mgr.Mathew Edakolathur,
Manager
St.Thomas College, Trichur

Rt. Rev.Fr,

With ref. to your announcement of March 3, 1932, communicated thro' the Principal to me among the rest of the members of the staff, re-retrenchment policy, I beg to state that for good and sufficient reasons which I shall set forth on demand, I am unwilling to make the 'sacrifice' enjoined upon me and humbly request that the announcement in so far as it is applicable to me be reconsidered and abrogated.

I have the honour to be,
Rt. Rev.Father,
Your most obedient servant,
sd/-
M.P.Paul, M.A

Trichur,
4th March, 1932

അങ്ങനെ പോളും മാനേജ്മെന്റും തമ്മിലുള്ള സമരമുറകൾ തുറന്നു. ഇന്നേവരെ തങ്ങൾ പറഞ്ഞത് അക്ഷരംപ്രതി അനുസരിക്കുന്ന അദ്ധ്യാപകരെയല്ലാതെ എതിർത്തു സംസാരിക്കുന്നവരെ മാനേജുമെന്റിന് പരിചയമുണ്ടായിരുന്നില്ല. ഇപ്പോഴിതാ ഒരുവൻ രംഗത്തുവന്നിരിക്കുന്നു! ഇത് വച്ചുപൊറുപ്പിക്കാവുന്നതല്ല! മാനേജർ കർശനമായിത്തന്നെ പോളിന് മറുപടി നൽകി:

St.Thomas College
Trichur, 5th March 1932.

Dear Mr.Paul,

In reply to your letter of yesterday I regret to inform you that it is not possible to make any exception. You are ofcourse always welcome to make any representation to me.

Yours Sincerely,
sd/-
M.Edakolathur,
Manager

To

Mr.M.Paul, M.A
Trichur

ശമ്പളം വെട്ടിക്കുറച്ച നടപടി മാററില്ല. വല്ല നിവേദനവും തരാനുണ്ടെങ്കിൽ തന്നോളൂ' – മാനേജുമെന്റിന്റെ ഈ ധിക്കാരമാണ് പോളിനെ ഏററവുമധികം ചൊടിപ്പിച്ചത്. തന്റെ അഭ്യർത്ഥന മാനിക്കില്ല എന്ന് തറപ്പിച്ചു പറഞ്ഞിട്ട് നിവേദനം തന്നോളൂ എന്നറിയിക്കുന്നത് അവഹേളിക്കലായി പോൾ കരുതി. ഒട്ടും വിട്ടുകൊടുക്കാൻ അദ്ദേഹവും തയ്യാറായിരുന്നില്ല.

(തുടരും)

## 1930 – കളിലെ അദ്ധ്യാപകർ

1934-ൽ മലബാറിലെ അദ്ധ്യാപകരുടെ സ്ഥിതി പരമദയനീയമായിരുന്നു. 18-20 മാസം കൂടുമ്പോൾ 12 മാസത്തേക്കുള്ള ഗ്രാന്റ് മാനേജർക്ക് കിട്ടും. അത് അദ്ധ്യാപകന് കിട്ടുമെന്നതിന് ഉറപ്പൊന്നുമില്ല. മാനേജരുടെ വീട്ടിലെ കെട്ടുകല്യാണം, വിവാഹം, പിണ്ഡ അടിയന്തിരം മുതലായ വിശേഷാൽ ചിലവുകളും തീർത്ഥയാത്രയുമുണ്ടെങ്കിൽ അതും കഴിഞ്ഞ് വല്ലതും ബാക്കിയുണ്ടെങ്കിൽ കിട്ടിയാലായി. അതിനുതന്നെ ആഴ്ചയും പക്കവും ത്രിസന്ധ്യയും നോക്കിവേണംതാനും. മാനേജർ ജന്മിയും അദ്ധ്യാപകൻ കുടിയാനുമാണെങ്കിൽ ശമ്പളം പാട്ടബാക്കിയിൽ തട്ടിക്കിഴിച്ചതുതന്നെ. ഉദ്യോഗസ്ഥിരത എന്നവാക്ക് അദ്ധ്യാപകന്റെ നിഘണ്ടുവിലില്ലായിരുന്നു. ഉടുവസ്ത്രം മാറുന്നതുപോലെ, അടിമകൂലിവേലക്കാരെപ്പോലെ "നാളെ ജോലിക്ക് വരണ്ട"ന്നു പറഞ്ഞാൽ 'എറാൻ' എന്നല്ലാതെ മറുത്തൊന്നും പറയാനില്ല. മാനേജർ ഏതെങ്കിലും ഒരു സ്ത്രീയെ വിവാഹം ചെയ്യാൻ ആവശ്യപ്പെട്ടാൽ അദ്ധ്യാപകൻ അതനുസരിക്കണം. തിരസ്കരിച്ചാൽ അദ്ധ്യാപകൻ സ്ക്കൂളിനു പുറത്താകും! ചുരുക്കത്തിൽ മാനേജരുടെ അനുകൂല ദൃഷ്ടിയുള്ളിടത്തോളം കാലം മാത്രം ഉദ്യോഗസ്ഥിരത' എന്നായിരുന്നു അന്നത്തെ നില. (വള്ളത്തോൾ കുമാരമേനോൻ – അദ്ധ്യാപകപ്രസ്ഥാനം ഉത്തരകേരളത്തിൽ)

# കറന്റ് ബുക്സ്, തൃശൂർ

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001

Ph: 0487–335660

## PUBLISHERS & DISTRIBUTORS FOR

MALAYALAM, ENGLISH, CHILDREN'S LITERATURE, FICTION, DRAMA, CINEMA, JOURNALISM, POETRY, PHILOSOPHY, PSYCHOLOGY, SOCIOLOGY, POLITICS, HISTORY, ECONOMICS, COMMERCE, MATHEMATICS, BOTANY, ZOOLOGY, CHEMISTRY, PHYSICS, MEDICAL, COMPUTER, ENGINEERING, LAW, ELECTRONICS, MECHANICAL, CIVIL, CHEMICAL ENGINEERING, VETERINARY, AGRICULTURE, AQUACULTURE. ETC. ETC

# കോസ്മോബുക്സ്

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001 Ph: 0487–335292

### ബ്രാഞ്ചുകൾ

**കോഴിക്കോട്**

Rly. സ്റ്റേഷൻ ലിങ്ക് റോഡ്

Ph: 0495-703487

**എറണാകുളം**

പ്രസ്സ് ക്ലബ്ബ് റോഡ്

Ph: 0484- 353818

**വാർത്താമദ്ധ്യം**

# ഹിററ്ലറോ പ്രൊക്രൂസ്ററസോ?

പ്രൊഫ. എം.എസ്. വസന്തകുമാർ

എസ്.എൻ. കോളജ് കൊല്ലം

1750 മുതൽ 1850 വരെയുള്ള കാലത്താണ് ഇംഗ്ലണ്ടിലും യൂറോപ്യൻ രാജ്യങ്ങളിലും വ്യാവസായിക വിപ്ലവം സമൃദ്ധമായ ഉല്പാദന മാർഗ്ഗങ്ങൾ തുറന്നത്. ഉല്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ വസൂലാക്കുന്നതിന് വേണ്ടി ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ വ്യാപകമായി കോളനികൾ സ്ഥാപിക്കുന്നതിന് ഇംഗ്ലണ്ടും ഇതര വ്യാവസായിക പ്രണയികളും തങ്ങളിൽ മത്സരിച്ചു. തങ്ങളുടെ അധീനതയിലായ കോളനികളിൽ നിന്ന് അസംസ്കൃത വിഭവങ്ങൾ അങ്ങനെ ചുളുവിൽ അവർക്ക് തരപ്പെടുത്താൻ കഴിഞ്ഞു. പക്ഷേ 1914-ഓടെ കോളനീദാഹത്താലുള്ള അവരുടെ മത്സരം അപകടകരമായി പരിണമിച്ചു. അതാണ് ഒന്നാം ലോകമഹായുദ്ധം.

നാഥനില്ലാതിരുന്ന ഭൂഗോളത്തിൽ സർവ്വവിനാശകരമായ ആ യുദ്ധം നാലുവർഷം നീണ്ടു. ഒടുവിൽ, 1918-ൽ, അമേരിക്കൻ പ്രസിഡന്റായിരുന്ന വുഡ്രോ വിൽസൺ മുൻകയ്യെടുത്ത് ഒരു സമാധാനപദ്ധതി പ്രഖ്യാപിച്ചതോടെയാണ് യുദ്ധവെറി ശമിച്ചത്. തുടർന്ന് പാരീസ് സമാധാന കോൺഫറൻസും വെഴ്സെയിൽസ് ഉടമ്പടിയും ഉണ്ടായി. രാഷ്ട്രാന്തര തർക്കങ്ങൾ പരിഹരിക്കുന്നതിന് നേതൃത്വം നൽകാൻ ലീഗ് ഓഫ് നേഷൻസ് ഉടലെടുത്തു. പക്ഷെ 1930-ഓടെ അത് ദുർബ്ബമാവുകയും ഇല്ലാതാവുകയും ചെയ്തു. ഇതിനിടയ്ക്ക് സ്വേച്ഛാധിപതികളുടെ അരങ്ങേററവും വളർച്ചയും ലോകം കണ്ടു. ഹിററ്ലറും മുസോളിനിയും ആ ഗണത്തിൽപ്പെട്ടവരാണ്. അവരുടെ വികാരവിചാരങ്ങളാണ് 1939-ൽ രണ്ടാം ലോകമഹായുദ്ധമുണ്ടാക്കിയത്.

ഇററലിക്കാരൻ ബെനിറേറാ മുസോളിനി സോഷ്യലിസ്റ്റുകൾക്കും കമ്മ്യൂണിസ്റ്റുകൾക്കും എതിരായി ഭൂവുടമകളുടെയും വ്യവസായികളുടെയും പിന്തുണയോടെ ഗുണ്ടാസംഘങ്ങളുണ്ടാക്കി നാടിനെ വിറപ്പിച്ചു. ഈ അധോലാകശൈലി മുസോളിനിയെ അധികാരത്തിലെത്തിച്ചു. 'War is to man what maternity is to woman' എന്ന വായ്ത്താരി മുസോളിനിയുടേതാണ്.



അഡോൽഫ് ഹിററ്ലർ ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം 'നാസി' പാർട്ടിയുണ്ടാക്കി. സാർവ്വദേശീയതയും ശാന്തിയും ജനാധിപത്യവും ഹിററ്ലറുടെ പരിഹാ

സവിഷയങ്ങളായിരുന്നു. തവിട്ടുനിറത്തിലുള്ള യൂണിഫോമും റോമൻ സല്യൂട്ടും സ്വസ്തിക ചിഹ്നമായിരുന്നു നാസിപാർട്ടിയുടെ അടയാളങ്ങൾ. വംശമേന്മയും വംശശുദ്ധിയും ഹിറ്റ്ലറുടെ വ്രതങ്ങളായിരുന്നു. ആക്രമണോത്സുകമായ ദേശീയതയും സാമ്രാജ്യത്വവും ഹിറ്റ്ലറുടെ സിരകളിൽ പതഞ്ഞു. പാരീസ് സമാധാന കോൺഫറൻസും വെഴ്സെയിൽസ് ഉടമ്പടിയും ലീഗ് ഓഫ് നേഷൻസും കാററിൽ പറത്തിയ ഹിററ്ലർ, രണ്ടാം ലോകമഹായുദ്ധത്തിന്റെ ആദ്യ വെടി പൊട്ടിച്ചു. യുദ്ധം ആറുവർഷം നീണ്ടു. ഒടുവിൽ ഹിരോഷിമയിൽ 'ലിററിൽ ബോയ്'യും നാഗസാക്കിയിൽ 'ഫാററ്മാനും' ആറ്റോമിക സ്ഫോടനങ്ങളായി. അതുവിതച്ച പെരുതായ വിനാശം റൂസ്വെൽററിനെയും ചർച്ചിലിനെയും സ്റ്റാലിനെയും സംഗരോന്മാദത്തിന്റെ തലത്തിൽ നിന്ന് താഴെ സഹാനുഭൂതിയുടെയും സഹവർത്തിത്വത്തിന്റെയും സമാധാനഭൂമികയിൽ എത്തിച്ചു. അങ്ങനെ യു.എൻ, സാൻഫ്രാൻസിസ്കോയിൽ യാഥാർത്ഥ്യമായി യുണൈററഡ് നേഷൻസ് അഥവാ ലോകനാഥൻ!

ഹിററ്ലറുടെ നാട്ടുകാരിയും ഇപ്പോൾ ജർമ്മൻ തെരഞ്ഞെടുപ്പിൽ വിജയശ്രീലാളിതനായ ചാൻസലർ ഗർഹാർഡ് ഷോയിഡറുടെ നീതിന്യായമന്ത്രിയും ആയിരുന്ന ഹെർത്ത ദ്യൂബ്ളർ, ജോർജ് ബുഷിനെ ഹിററ്ലറോട് ഉപമിച്ചിരിക്കുന്നു. ഷോയിഡറുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടയിലാണ് ഹെർത്താ ഈ കാച്ച് കാച്ചിയത്. നേരിയ ഭൂരിപക്ഷത്തിലെങ്കിലും ഷോയിഡർ ജയിച്ചത് ഈ ബുഷ്-വിരുദ്ധ പ്രസംഗത്താൽ ആണെന്ന് ചില മാദ്ധ്യമങ്ങൾ ചൂണ്ടിക്കാട്ടുന്നു. ബുഷിന്റെ അന്തർദേസീയ പെരുമാററം കണ്ടാൽ ആർക്കും ഹെർത്തയ്ക്ക് തോന്നിയത് തോന്നാം.

ഇറാക്കിനെതിരെ യുദ്ധത്തിന് യു എൻ അനുമതി നൽകിയെല്ലിൽ ലീഗ് ഓഫ് നേഷൻസിന്റെ ഗതികേട് യു എന്നിനും ഉണ്ടാകും എന്ന് ആവർത്തിച്ചും വ്യക്തമായും ബുഷ് പ്രഖ്യാപിച്ചിരിക്കുന്നു. ലീഗ് ഓഫ് നേഷൻസിന്റെ അന്തകൻ ഹിററ്ലറെങ്കിൽ യു എന്നിന്റെ അന്തകസ്ഥാനം തനിക്കായിരിക്കുമെന്ന് നിർലജ്ജം ധാർഷ്ട്യത്തോടെ ബുഷ് അവകാശപ്പെടുകയാണ്. ഹെർത്തയുടെ ഉപമാപ്രയോഗം അസ്ഥാനത്തായില്ല! ഭൂമിയെ സനാഥയാക്കിയ യു എന്നിൽ അമേരിക്കക്ക് അപകടകരമായ സ്വാധീനമുണ്ട് എങ്കിലും ലോകസമാധാനത്തിന്റെ അത്താണിയാണത്.

അമേരിക്കൻ പ്രിസിഡന്റിന്റെ ഈ അഹങ്കാരവചനത്തിന് പ്രേരണ നൽകിയത് എന്താണ്? സോവ്യററ് റഷ്യയുടെ പതനത്തോടെ അമേരിക്കയുടെ അപ്രമാദിത്വം സംശയാതീതമാണ് എന്നൊരു ഹുങ്ക് അവിടുത്തെ ഭരണാധികാരികളെ നയിക്കുന്നു. സോഷ്യലിസ്റ്റ് ചേരി ശിഥിലമായി. പേടിക്കാൻ മൂല്യവും ചൊവ്വുള്ളവരും ഇല്ല. ലോകത്തെവിടെയും ഭീകരപ്രവർത്തനം വളർത്താനും, തളർത്താനും, അതുകൊണ്ട് അവർ ശങ്കിക്കുന്നില്ല. അങ്ങനെ വളർന്ന ഒരുവന്റെ കൈക്കാണ് സെപ്തംബർ 11 അവിസ്മരണീയമായത്. ആ നടുങ്ങുന്ന ഓർമ്മയുടെ ക്ഷീണത്തിൽ ബുഷിന് വിടുവായത്വം എന്ന വിനാശകാലവ്യാധി ബാധിച്ചിരിക്കുന്നു.

ഇറാക്ക് വിനാശകരമായ ജൈവ-ആണവ പടക്കോപ്പുകൾ നിർമ്മിക്കുന്നു എന്നതത്രെ ഇറാക്കിനെതിരെയുള്ള അമേരിക്കയുടെ യുദ്ധപ്രേരണയുടെ കാതൽ. അമേരിക്കയുടെ സുഹൃത്തായിരുന്ന കാലത്ത് ഇറാക്കിന്റെ നായകൻ സദ്ദാം ഹുസൈൻ യു എൻ നിഷേധങ്ങളും ആക്രമണങ്ങളും പീഢനങ്ങളും ബലാത്സംഗങ്ങളും കല്പിച്ച് നടപ്പാക്കിയിട്ടുണ്ട്. അന്ന് അവയെ ഒക്കെ അമേരിക്ക പിന്തുണച്ചിട്ടുണ്ട് - ഇന്ന് പലസ്തീൻ ജനതയ്ക്കെതിരെ കുരുതിയും ക്രൂരതയും നടത്തുന്ന ഇസ്രായേലിനെ തലോടുന്നത് പോലെ; അരാഫത്തിനെ കോർണർ ചെയ്ത് വച്ചിരിക്കുന്നത് കണ്ടില്ലെന്ന് നടിക്കുന്നത് പോലെ!- ഇസ്രായേലിന്റെ പാലസ്തീൻ പരാക്രമത്തിനെതിരെ വന്ന യു എൻ പ്രമേയത്തിന്റെ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിൽക്കുകയാണ് അമേരിക്ക ചെയ്തത്.

ബുഷ് എന്ന നികൃഷ്ടമനുഷ്യന്റെ അഹന്തയുടെ ഏററം കണ്ടിട്ട് ലോകമെമ്പാടും രോഷം ആളിപ്പടരുകയാണ്. സ്വന്തംനാട്ടിൽ നിന്നുതന്നെ എതിർപ്പിന്റെ അലകൾ ഉയർന്നു കഴിഞ്ഞു. വാഷിംഗ്ടണിൽ സെക്രട്ടറി ഓഫ് സ്റേററ്, കോളിൻ പവൽ പറഞ്ഞത് "യു എൻ നേതൃത്വം നൽകുന്ന ആയുധ പരിശോധക സംഘം ചെന്ന് ഇറാക്കിന്റെ ആയുധശേഖരം പരിശോധിക്കട്ടെ" എന്നാണ്. യുദ്ധമല്ല വേണ്ടത് എന്നർത്ഥം. റിപ്പബ്ളിക്കൻ ലജിസ്ലേച്ചർമാരിൽ ഒരാൾ പറഞ്ഞത് "യുദ്ധമാണ് പ്രസിഡന്റിന്റെ മനസ്സിലിരിപ്പ് എങ്കിൽ അത് നടപ്പില്ല" എന്നാണ്. ബുഷിന്റെ പ്രതിയോഗി അൽഗോർ യുദ്ധത്തെ എതിർത്തിരിക്കുന്നു. ഫ്രഞ്ച് പ്രസിഡന്റ് ജാക്വസ് ചിറാക്കും റഷ്യയിലെ വ്ളാഡിമർ പുട്ടിനും യുദ്ധത്തെ അനുകൂലിക്കുന്നില്ല. ഗൾഫിലുള്ള അമേരിക്കയുടെ സുഹൃദ്രാജ്യങ്ങളുടെ മൈത്രീബന്ധങ്ങൾ യുദ്ധമുണ്ടായാൽ ഉലയും എന്നതിന് തർക്കമില്ല.

യു എന്നിൽ ബുഷിന്റെ യുദ്ധപ്രമേയം ആട്ടും തുപ്പും ഏററുവാങ്ങി. പക്ഷെ ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ളെയർ പ്രമേയത്തെ പിന്താങ്ങി. അതുകൊണ്ട് ബ്ളെയർ നിസ്സാരമായി എൺപതുശതമാനം ലേബർപാർട്ടി എം.പിമാരുടെ എതിർപ്പ് സ്വന്തം നാട്ടിൽ ഏററുവാങ്ങി. മാത്രമല്ല ബ്രിട്ടനെ പ്രകമ്പനം കൊള്ളിച്ച

പടുകൂററൻ ജനാവലിയുടെ യുദ്ധവിരുദ്ധ പ്രകടനത്തിന്റെ ദൃശ്യങ്ങൾ മാദ്ധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. പിന്നെ എന്തിനാണീ യുദ്ധത്തിന് വേണ്ടിയുള്ള ബുഷിന്റെ പ്രാണവിചാരം? അമേരിക്കൻ മുതലാളിത്തം പ്രതിസന്ധിയിലാണ്. ഡോളർ മൂല്യം ഇടിഞ്ഞു താണുകൊണ്ടിരിക്കുന്നു. അത് സംരക്ഷിക്കാൻ യുദ്ധമല്ലാതെ മററു മാർഗ്ഗമില്ല. ഇതാണ് അഭിജ്ഞ കേന്ദ്രങ്ങളുടെ വിലയിരുത്തൽ. ലോകമെമ്പാടും ഉയർന്നിരിക്കുന്ന എതിർപ്പുകളെ വിഗണിച്ച്, അധുനാതന നീതിസങ്കല്പങ്ങളെ കാററിൽ പറത്തി, യു എന്നിനെ ഇല്ലായ്മ ചെയ്യുമെന്ന ഭീഷണിയും മുഴക്കി, ലോക-തെമ്മാടി ചമയുന്നത് ഏത് ലക്ഷ്യത്തോടെയാണെങ്കിലും, ബുഷിന്റെ അഹന്തയുടെ തായ്‌വേരറുക്കുന്ന മനുഷ്യപ്രിയരായ രാഷ്ട്രശക്തികളുടെ കരുത്ത് ഉണരും, ഉണരണം. ആ കരുത്തിൽ യു എൻ പുതുചൈതന്യമാർജിക്കും. ബുഷ് അറിയേണ്ടത്, ലീഗ് ഓഫ് നേഷൻസിന്റെ അടിത്തറയല്ല യു എന്നിന്റേത് എന്നാണ്. രണ്ട് ലോകമഹായുദ്ധങ്ങളുടെ ദുരന്തപ്രമാണങ്ങളും അനുഭവതീഷ്ണമായ പരീക്ഷണങ്ങളുടെ ചൂടുള്ള ചരിത്രവും പഠിച്ച മാനവരാശിക്ക് നേരെയാണ് ബുഷ് എന്ന അഭിനവ പ്രൊക്രൂസ്റ്റസിന്റെ ആക്രോശങ്ങൾ! ഗ്രീക്ക് മിതോളജിയിലെ ആ ക്രൂരന്റെ ശൈലി ഒരുകാലത്തും വിലപ്പോയിട്ടില്ല എന്ന് ബുഷ് മനസ്സിലാക്കണം. സ്വന്തം കട്ടിലിൽ ഒതുങ്ങാത്ത കൈകാലുള്ളവരെ, ആ കട്ടിലിൽ തന്നെ അനുനയിപ്പിച്ച് കിടത്തി ഉറക്കി, അധികം നീണ്ടുകിടക്കുന്ന കരപാദങ്ങൾ ഛേദിക്കുന്ന ഇച്ഛാശക്തിയുടെയും കരുത്തിന്റെയും വൈപരീത്യമാർന്ന പ്രേരണകളായിരുന്നു പ്രൊക്രൂസ്റ്റസിന്. അയാളെ നിഹനിച്ചത് തിസ്യൂസ് എന്ന രാജകുമാരനാണ്. പരിണാമങ്ങളിലൂടെ പ്രൊക്രൂസ്റ്റസ് പുനർജീവിച്ചാൽ തിസ്യൂസ്സും പുനർജനിക്കും.

ആക്രമിച്ച് കീഴടക്കി രാഷ്ട്രപരമാധികാരം കയ്യടക്കി വച്ചുകൊണ്ട് കോളനികളെ ഉരിപ്പിക്കുന്ന പഴയശൈലി അല്ല ഇന്ന്. പകരം തല്പരപ്രദേശങ്ങളെ ആഗോളീകരിച്ചും ഉദാരീകരിച്ചും സ്വകാര്യവൽക്കരിച്ചും കയ്യടക്കുന്ന ബുദ്ധിയുടെ താണ്ഡവമാണ് ഇന്നത്തെ മുതലാളിത്ത ശൈലി. സോവ്യററ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്കുകളുടെ ഐക്യവേദിയായിരുന്ന റഷ്യ എന്ന ബദലുണ്ടായിരുന്നപ്പോൾ അമേരിക്കക്ക് നിലവാരം തകർന്ന ശാഠ്യങ്ങളോ ജല്പനങ്ങളോ പ്രകടമായിട്ടില്ലായിരുന്നു. ധാർമ്മികതയുടെ ചെങ്കൊടി പാറിച്ച റഷ്യ ഇന്നില്ല. പകരം എതിർപ്പിന്റെ നികൃഷ്ട ശൈലിയുമായി ഭീകരഗണത്തിൽപ്പെട്ട സദ്ദാമോ ലാദനോ മാത്രം.

ലോകസമ്പത്തിന്റെ അമ്പത് ശതമാനത്തിലേറെ കയ്യടക്കി വച്ച് നിഗളിക്കുന്ന, ലോകജനതയുടെ ആറ് ശതമാനം മാത്രം വരുന്ന യാങ്കികളുടെ അഹങ്കാരത്തിന്റെ മുനയൊടിക്കാൻ ഭീകരൻമാരെ അല്ല വേണ്ടത്, മനുഷ്യധർമ്മത്തിന്റെ ഒരു പൊതു ചേരിയാണ്, ശക്തിയാണ്. അത് സത്യമാക്കാൻ രാഷ്ട്രത്തലവൻമാർക്ക് കഴിയട്ടെ.

# മനീഷകൊയ്‌രാളയും 'മറുമേനി'യും

പോളണ്ടുകാരൻ സിനിമാ സംവിധായകൻ ക്രിസ്റേറാഫഫ് ക്ലീസ്ലോവ്സ്കിയുടെ 'എ ഷോർട്ട് ഫിലിം എബൗട്ട് ലൗ' ഒരു ചലച്ചിത്രമാണ്. അതിന്റെ പകർപ്പ് എന്ന് മാദ്ധ്യമങ്ങൾ പറയുന്ന ബോളിവുഡ് ചിത്രമായ "ഏക് ഛോട്ടിസി ലൗസ്റേറാറി" തക്ക ഗുണമോ ഗണമോ ഇല്ലാതെ കാശുവാരുന്നു. അതിന്റെ സംവിധായകൻ മലയാളിയായ ശശിലാൽ നായരും പ്രശസ്ത നടി മനീഷകൊയ്‌രാളയും തമ്മിൽ വഴക്കുണ്ടായി - സിനിമയിലെ 'വിഷയ'രംഗങ്ങളെച്ചൊല്ലി.

**സ്ത്രീത്വം കുലഭേദമെന്യേ, മതഭേദമെന്യേ, രാഷ്ട്രീയഭേദമെന്യേ മുതലാളിത്ത കടന്നുകയററത്താൽ നിസ്സഹായമാണ് എന്ന് അറിയുക. പുരോഗമന രാഷ്ട്രീയ ശക്തികൾ വിരാജിക്കുന്ന കേരളത്തിൽ പോലും അനുരജ്ഞനത്തിന്റെ മരവിപ്പ് ബാധിക്കുമ്പോൾ പിന്നെ ചുവന്ന തെരുവിന്റെ നാട്ടിൽ കടുവയെ കൊടിയിൽ പതിച്ച കിടുവ വാഴുമ്പോഴുള്ള കാര്യം പറയേണ്ടല്ലോ.**

ചില 'ഫിസിക്കൽ എക്സ്പോഷർ' - രംഗങ്ങൾ കൂടി ചിത്രത്തിൽ ഉൾപ്പെടുത്തുമെന്ന് ഷൂട്ടിംഗ് തീർന്നപ്പോൾ മനീഷയോട് ശശിലാൽ നായർ പറഞ്ഞു പോലും. ഒരു 'നഗ്നമേനി'യെക്കൊണ്ട് അഭിനയിപ്പിച്ച് മനീഷയെക്കൂടി കാണിച്ച് സമ്മതം വാങ്ങിയേ ചിത്രം പ്രദർശിപ്പിക്കൂ എന്നും പറഞ്ഞിരുന്നു. പക്ഷെ തിടുക്കത്തിൽ എല്ലാം ഷൂട്ട് ചെയ്ത് ശശി ചിത്രം പ്രദർശിപ്പിക്കാൻ ഒരുങ്ങി. അതറിഞ്ഞപ്പോൾ തനിക്ക്

അമളി പിണഞ്ഞതാണോ എന്ന് മനീഷക്ക് സം
ശയം തോന്നി. തനിക്ക് നാണക്കേടുണ്ടാക്കുന്ന രം
ഗങ്ങൾ സിനിമയിൽ ഉണ്ടാവും. അവ നീക്കംചെയ്യി
ക്കാൻ അവർ സിനി ആർട്ടിസ്റ്റ് അസോസിയേഷനെ
സമീപിച്ചു. അപ്പോൾ ശശി പറഞ്ഞത്, ചിത്രത്തിൽ
മാററം വരുത്തിയാൽ ഉണ്ടാവുന്ന അധികച്ചെലവിന്റെ
അമ്പത് ശതമാനം മനീഷ വഹിക്കണമെന്നും, അതേ
പ്പററിയുള്ള മനീഷയുടെ അഭിപ്രായം നൂറ് മണിക്കൂ
റിനുള്ളിൽ തന്നെ അറിയിക്കണമെന്നും ആയിരുന്നു.
പറഞ്ഞതിന്റെ 'ടോൺ' മനീഷയ്ക്ക് പിടിച്ചില്ല. അവർ
മുംബൈ ഹൈക്കോടതിയെ സമീപിച്ചു. ഇതിനിടയ്ക്ക്
സെൻസർ ബോർഡ് പടത്തിന് 'അ' മുദ്രയും കൊ
ടുത്തു. സിനിമ സെപ്തംബർ ആറിന് റിലീസ് ചെ
യ്യാൻ തീരുമാനിച്ചു. ഏപ്രിൽ 30-ന് ഹൈക്കോടതി
സിംഗിൾ ബഞ്ച്, വിവാദരംഗങ്ങൾ ചിത്രത്തിന്റെ
അവിഭാജ്യഘടകമാണ് എന്നും, അവ പ്രദർശിപ്പിക്കു
ന്നതിൽ തെററില്ല എന്നും അഭിപ്രായപ്പെട്ടു. പിന്നെ
ധ്രുതിയിൽ 97 പ്രിന്റെടുത്ത് വിതരണക്കാർ ചിത്രം
രാജ്യത്തുടനീളം വിതരണം ചെയ്തു. സെപ്തംബർ
5ന് മനീഷ വീണ്ടും കോടതിയെ സമീപിച്ചു.
ഇത്തവണ മനീഷയ്ക്കനുകൂലമായി കോടതി ചിത്ര
ത്തിന്റെ പ്രദർശനം ഒരു മാസത്തേക്ക് തടഞ്ഞു.
പക്ഷേ വിതരണം ചെയ്തുപോയ പ്രിന്റിനെക്കുറിച്ച്
കോടതി പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടില്ല എന്ന അവ്യ
ക്തത മുതലാക്കി ചിത്രപ്രദർശനം നടന്നു.

മനീഷ നേരെ ശിവസേന എം.പി, സഞ്ജയ് നി
രുപം വഴി ശിവസേനാനായകൻ ബാൽ താക്കറെയെ
കണ്ടു. താക്കറെയും മനീഷയും തമ്മിൽ പറഞ്ഞ
തെന്ത് എന്ന് അറിയുന്നതിന് മുമ്പേതന്നെ ശിവസൈ
നികർ ബാന്ദ്രയിൽ (മുംബൈ) ചിത്രം പ്രദർശിപ്പിച്ച
തിയററർ അടിച്ചുതകർത്തു. കാണികളെ തല്ലി ഓടി
ച്ചു.

അങ്ങനെ ശിവസേനയുടെ മുഷ്കിന് വിധേയ
മായ മറെറാരു കലാസൃഷ്ടിയായി മാറി 'ഏക് ഛോ
ട്ടിസി ലൗസ്റേറാറി'.

ദീപാമേത്തയുടെ 'ഫയർ' എന്ന ചിത്രം ശിവ
സേനയുടെ ഇതേ പ്രയോഗങ്ങൾ ഏററുവാങ്ങിയതാ
ണ്. കാരണം അത് സ്ത്രീത്വത്തെ അവഹേളിച്ചുവ
ത്രെ. മുംബൈ ബ്രിബോൺ സ്റേറഡിയത്തിൽ പാ
ക്കിസ്താൻ ക്രിക്കററ് ടീമിന് വിലക്ക് പ്രഖ്യാപിക്കാൻ
അലിഖിത അധികാരവും തന്റേടവും ശിവസേന
യ്ക്കുണ്ട്. ചിത്രകാരൻ എം.എഫ്.ഹുസൈനെ ആക്ര
മിക്കാൻ തുനിഞ്ഞത് ആവിഷ്കാര സ്വാതന്ത്ര്യത്തി
നെതിരായ ഇവരുടെ വെല്ലുവിളിയായിരുന്നു.

ഇപ്പോൾ മനീഷ എന്ന ഹിന്ദുരാഷ്ട്രക്കാരിയായ
(നേപ്പാൾ) സദാചാരവിരുദ്ധമായി പ്രദർശിപ്പിക്കുന്ന
താണ് പ്രതിഷേധവിഷയം. എന്നാൽ മുമ്പ് സദാചാ
രവിരുദ്ധമായ രംഗങ്ങളുണ്ടെന്ന് ഏറെ പരാതികൾ
പിടിച്ചുപററിയ ദാദാ കോണ്ട്കെയുടെ ചിത്രത്തിന്റെ
പിന്തുണക്കാരായിരുന്നു ശിവസേനക്കാർ. എന്തിനേറെ
പറയുന്നു, ആഭാസകരമായി അരയും നെഞ്ചും കൊ
ണ്ടു വ്യായാമങ്ങൾ നിറഞ്ഞവയാണ് ബോളിവുഡ് ചി
ത്രങ്ങൾ. അതൊന്നും അവരാരും കണ്ടിട്ടില്ല, കേട്ടി
ട്ടുമില്ല.

സംഘബലം കൊണ്ട് ശിവസേന സമ്പാദിച്ച അപ്ര
മാദിത്വം മുംബൈയിൽ വിലമതിക്കപ്പെട്ടിരിക്കുന്നു. പു
രോഗമന പ്രസ്ഥാനങ്ങൾ ഈ സാംസ്കാരിക ഫാ
സിസത്തെ വിമർശിച്ചിട്ടുണ്ട്. ഈ കലാകാരന്മാരെ
യും അവരുടെ സൃഷ്ടികളെയും ഡിഫന്റ് ചെയ്തി
ട്ടുമുണ്ട്. അങ്ങനെ 'ഫയർ' പോലുള്ള ചിത്രങ്ങളു
ടെ ജുഗുപ്സാവഹമായ ഭാഗങ്ങൾ സൂക്ഷ്മമായ സാം
സ്കാരിക വിചാരണയിൽ നിന്ന് രക്ഷപ്പെട്ടിട്ടുണ്ട്.
ഇപ്പോഴിതാ ഈ ലവ്സ്റേറാറി കളക്ഷൻ റെക്കോർ
ഡുകൾ ഭേദിക്കുന്നു. വിവാദമേനി കാണാനുള്ള തി
ക്കും തിരക്കും!

നാട്ടിലെ സദ്സംസ്കാരത്തിന് ആത്മാർത്ഥത
യുള്ള ഒരു സംരക്ഷക പ്രസ്ഥാനം ദേശീയ നിലവാ
രത്തിൽ ഇനിയും ഉണ്ടാവേണ്ടിയിരിക്കുന്നു- കലാ
സാഹിത്യ പ്രവർത്തകരെ സുശിക്ഷിതമായി മാർഗ്ഗം
കാട്ടുന്ന ഒരു സംഘശക്തി! അങ്ങനെ ഒരു രക്ഷകർ
ത്താവിന്റെ അഭാവമാണ് മനീഷയെ താക്കറെയുടെ
സമീപമെത്തിച്ചത്. ആ ശക്തി ഉദയം ചെയ്താൽ
നമ്മുടെ ന്യായാസനങ്ങൾക്കും അത് കരുത്ത് പക
രും.

ഉന്നതകുലജാതയെങ്കിലും മാനം രക്ഷിക്കാനുള്ള
ശ്രമം പ്രതിസന്ധിയിലായിപ്പോയി. ജെസിക്ക ചൊ
ക്സി എന്നൊരു പതിനെട്ടുകാരിയാണ് മനീഷയുടെ
മറുമേനി'. പണത്തിന് അത്യാവശ്യം വന്നപ്പോൾ വി
വസ്ത്രപ്രദർശനത്തിന് പോകേണ്ടി വന്ന സഹോദ
രി. ഒരു സൗണ്ട് ഡബ്ബിംഗ് ആർട്ടിസ്റ്റിനെപ്പോലെയോ,
സ്റ്റണ്ട് സീൻ ഡ്യൂപ്പിനെപ്പോലെയോ സിനിമയിലെ
അദൃശ്യസാന്നിദ്ധ്യമായി പിന്നാമ്പുറത്ത് അലയേണ്ടി
യിരുന്നവൾ. പക്ഷെ ഇപ്പോൾ അവർക്ക് ബോളിവു
ഡ് വ്യവസായികളുടെ ഓഫറുകൾ വന്നുതുടങ്ങി പോ
ലും! സ്ത്രീത്വം കുലഭേദമെന്യേ, മതഭേദമെന്യേ, രാ
ഷ്ട്രീയഭേദമെന്യേ മുതലാളിത്ത കടന്നുകയററത്താൽ
നിസ്സഹായമാണ് എന്ന് അറിയുക. പുരോഗമന രാ
ഷ്ട്രീയ ശക്തികൾ വിരാജിക്കുന്ന കേരളത്തിൽ പോ
ലും അനുരഞ്ജനത്തിന്റെ മരവിപ്പ് ബാധിക്കുമ്പോൾ
പിന്നെ ചുവന്ന തെരുവിന്റെ നാട്ടിൽ കടുവയെ കൊ
ടിയിൽ പതിച്ച കിടുവ വാഴുമ്പോഴുള്ള കാര്യം പറ
യേണ്ടല്ലോ.

# ഉപരോധസമരം– തനിമയും പുതുമയും

സാർവ്വത്രികമായ അഴിമതി, കേരളത്തെ എഡിബിക്ക് തീറെഴുതുന്ന നയപരിപാടികൾ, വൈദ്യുതി ചാർജ് വർദ്ധന, വിദ്യാഭ്യാസ കച്ചവടം, കാർഷിക പ്രതിസന്ധി, പൊതുമേഖലയുടെ സ്വകാര്യവൽക്കരണം, നിയമന നിരോധനം, സ്ത്രീപീഡനങ്ങൾ, ക്രമസമാധാനത്തകർച്ച, തൊഴിലാളി വിരുദ്ധ നയങ്ങൾ തുടങ്ങി ഏതൊക്കെ തിന്മകൾ ജനങ്ങളെ പൊറുതി മുട്ടിക്കാൻ വരുത്തിത്തീർക്കാമോ അതെല്ലാം സുലഭമായി വാരി വിതറിക്കൊണ്ട് അധികാരത്തിലിരിക്കുന്ന ആന്റണി സർക്കാരിനെതിരെ ആഞ്ഞടിച്ചതായിരുന്നു സെപ്തംബർ 2 മുതൽ സിപിഐ(എം) നയിച്ച ഉപരോധസമരം.

ഒരു സമരപരിപാടികൾക്കും, ശൈലിയിലെ പുതുമ കൊണ്ട് കാര്യമായി ഒന്നും നേടാനില്ല. സമരത്തിന് ആധാരമായ ആവശ്യത്തിന്റെ തനിമയും പ്രാധാന്യവും സമീപനത്തിലടങ്ങിയ ആത്മാർത്ഥതയുമൊക്കെയാണ് അത് വിജയത്തിലെത്തിക്കുക. ആ വിജയം ജനങ്ങളുടെ വിജയമായി കരുതി സമരം നയിച്ചവർ അഭിമാനിക്കുകയും വേണം.

കേവലം ഒരു പ്രതിപക്ഷ 'ഗിമിക്ക്'ായി ഉപരോധസമരത്തെ എഴുതിത്തള്ളാൻ ചില ദൃശ്യപത്രമാദ്ധ്യമങ്ങൾ ശ്രമിക്കാതിരുന്നിട്ടില്ല. എന്നാൽ അങ്ങനെ ഒരു പ്രക്ഷോഭ പ്രഹസനമായിരുന്നില്ല അതെന്ന് ബോദ്ധ്യമുള്ളവരും, ഒരു അരാഷ്ട്രീയ കോണിൽ കൗശലപൂർവ്വം കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നവരുമാണ് ഈ പ്രചാരകർ.

കേരളത്തെ ഗ്രസിച്ചിരിക്കുന്ന സമകാലിക പ്രശ്നങ്ങളാണ് സമരത്തിനാധാരമായത്. ഒരു സ്ഫോടനത്തിന്റെ തീഷ്ണതയോടെ നമ്മുടെ തലയ്ക്ക് മീതെ വീണതായിരുന്നു വൈദ്യുതി ചാർജ് വർദ്ധന. ഉപരോധസമരത്തിന് അടുപ്പിച്ചാണ് വൈദ്യുതി മന്ത്രി ജനങ്ങളെ അങ്ങനെ ഞെട്ടിച്ചത്. അന്യായവർദ്ധനയ്ക്കെതിരെ ശബ്ദമുയർത്താൻ ജനങ്ങൾക്ക് ഒരു നായകനെ വേണ്ടിയിരുന്നു. ഉപരോധസമരം നയിച്ചവർ ആ നായകസ്ഥാനം ഏറ്റെടുത്തു. സർക്കാർ അഴിച്ചുവിട്ട കൊടിയ മർദ്ദനങ്ങളെ കൂസാതെ സമരം പടർന്നു. ചാർജ്വർദ്ധന പിൻവലിക്കും വരെ സമരം തുടരും എന്നും, സമരകേന്ദ്രം വിദ്യുച്ഛക്തി ആപ്പീസുകളാകുമെന്നും സമരനേതാക്കന്മാർ പ്രഖ്യാപിച്ചു. അടിയന്തരിമായി ക്യാബിനററ് കൂടുകയും, യുഡിഎഫുമായി പോലും ചർച്ചചെയ്യാതെ മിന്നൽ വേഗത്തിൽ ചാർജ് പിൻവലിക്കുകയും ചെയ്തു. പ്രശ്നങ്ങളുടെ നേർക്ക് നിഷേധാത്മകതയും അവിവേകവുമായി പലപ്പോഴും നിന്നിട്ടുള്ള മുഖ്യമന്ത്രിയുടെ ഈ മിന്നൽ തീരുമാനം ഉപരോധസമരം പ്രഹസനമായിരുന്നില്ല എന്നതിന് സാക്ഷ്യം!

എന്നാൽ മുഖ്യമന്ത്രിയെ ശ്ലാഘിക്കുന്ന കമന്റുകൾ മാദ്ധ്യമങ്ങളിൽ സുലഭമായിരുന്നു – കറണ്ട് നിയന്ത്രിച്ച് ഉപയോഗിക്കുന്നതിനുള്ള പാഠം ആന്റണി പഠിപ്പിക്കുകയായിരുന്നു എന്നും, അതിനുള്ള ക്രെഡിററ് അദ്ദേഹത്തിനാണെന്നും! ഉപരോധസമരത്തെ 'മൈന്റ് ചെയ്യാതെ' അറസ്റ്റ് ഒഴിവാക്കി നേരിട്ട ശൈലി ആന്റണിയുടെ തന്ത്രശാലിതയാണത്രെ! സമരകേന്ദ്രങ്ങളിൽ അറസ്റ്റുവരിക്കാൻ സന്നദ്ധരായി പതിനായിരിക്കണക്കിന് ഭടന്മാർ എത്തിയിരുന്നു. അവരെ അറസ്റ്റ് ചെയ്ത് കേസെടുത്ത് ജയിലിലടയ്ക്കുന്നത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ദുഷ്കരമായിരുന്നു. ഇത്രയേറെ പേരെ പാർപ്പിക്കാൻ ജയിലുകളിൽ സൗകര്യങ്ങൾ പര്യാപ്തമല്ല. സർക്കാരിന്റെ ഈ കഴിവുകേടും കഴിവായി പൊലിപ്പിക്കുന്ന മാദ്ധ്യമരാഷ്ട്രീയം ആർക്കും മനസ്സിലാകും. സമരവും പ്രക്ഷോഭവും സംഘടനയുമൊക്കെ കാലഹരണപ്പെട്ടു എന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നവരുടെ കുഴലൂത്താണത്.

പത്തുദിവസം നീണ്ടുനിൽക്കുന്ന സമരപരിപാടി സാധാരണമല്ല. സർക്കാരിന്റെ നയദോഷം വെളിച്ചത്തുകൊണ്ടുവരാനും അത് ജനങ്ങളെ ധരിപ്പിക്കാനും ഒററദിവസം കൊണ്ട് സാദ്ധ്യമല്ല. മാത്രമല്ല, അതിൽ പങ്കെടുക്കുന്നവരുടെ എണ്ണവും പരിമിതമാകും. സമരത്തിന്റെ ഉള്ളടക്കം വേണ്ടത്ര ജനങ്ങളറിഞ്ഞു എന്നും വരില്ല. നീണ്ടസമരം കൊണ്ട് വിശാലമായ പങ്കാളിത്തവും ജനശ്രദ്ധയും ആർജിക്കാൻ കഴിഞ്ഞു എന്ന് നേതാക്കൾ അവകാശപ്പെടുന്നു.

സ്വയം പ്രവർത്തിതമായ സ്വഭാവത്തിൽ ജനങ്ങൾ കലവറ കൂടാതെ ഉപരോധത്തിന് പിന്തുണ നൽകിയത് വൈദ്യുതി ചാർജ് വർദ്ധനക്കെതിരെ ആയിരുന്നു. മററ് സമരകാരണങ്ങളെ അനുരഞ്ജനപരമായി വേണമെങ്കിൽ സഹിക്കാം എന്ന മനോഭാവം ജനങ്ങൾക്കുള്ളത് കാണാൻ എല്ലാവർക്കും കഴിയണം. തങ്ങളെ നേരിട്ട് ബാധിക്കുന്നതല്ല എങ്കിൽപ്പോലും ജനദ്രോഹപരമായ നടപടികളെ ഉദാസീനമായി ഉൾക്കൊള്ളുന്നത് ആപത്താണ് എന്ന് ജനങ്ങളെ പഠിപ്പിക്കുന്നതിന് തുടർനടപടികൾ ഉണ്ടാവണം. സംഘടിത പ്രസ്ഥാനങ്ങൾ ഒന്നടങ്കം അതിൽ ഏർപ്പെടണം.

സമരപഥങ്ങൾ

# അൺ എയ്ഡഡ് കോഴ്സുകൾക്കെതിരെ ധർണ

എയിഡഡ് കോളജുകളിൽ അൺ എയിഡഡ് കോഴ്സുകൾ ആരംഭിക്കുവാനുള്ള സർക്കാർ ഉത്തരവിൽ പ്രതിഷേധിച്ചു കൊണ്ട് തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളജിൽ എ.കെ.പി.സി.ററി.എയുടെ ആഭിമുഖ്യത്തിൽ കൂട്ട ധർണ നടത്തി.



ധർണ പി.എസ്.സി മുൻ ചെയർമാൻ ശ്രീ. ആർ.ചന്ദ്രശേഖരൻ നായർ ഉദ്ഘാടനം ചെയ്തു. കച്ചവട താല്പര്യങ്ങൾക്കു വേണ്ടി, പാവങ്ങൾക്ക് വിദ്യ നിഷേധിക്കുവാനുള്ള സർക്കാരിന്റെ ഗൂഢ ലക്ഷ്യമാണ് ഉത്തരവിന് പിന്നിലുള്ളതെന്നും സംഘടിത നീക്കത്തിലൂടെ ഇതിനെ ചെറുത്തു തോല്പിക്കുമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. എ.കെ.പി.സി.ററി.എ സംസ്ഥാന കമ്മററിയംഗം പ്രൊഫ. പി.പി.ചന്ദ്രശേഖരപിള്ള, ബ്രാഞ്ച് ജോ. സെക്രട്ടറി പ്രൊഫ. സി.എം.കുസുമൻ, ബ്രാഞ്ച് പ്രസിഡന്റ് പ്രൊഫ. കെ.എ.വിശ്വനാഥൻ നായർ, നോൺ ടീച്ചിംഗ് എംപ്ളോയീസ് യൂണിയൻ ജില്ലാ സെക്രട്ടറി ശ്രീ എം.പി.ശശിധരൻ നായർ, കെ.പി.സി.എം.എസ്.എഫ് സെക്രട്ടറി ശ്രീ എസ്സ്.ശിവദാസൻ തുടങ്ങിയവർ ധർണയെ അഭിവാദ്യം ചെയ്ത് സംസാരിച്ചു.

## അദ്ധ്യാപക ധർണ്ണ: കണ്ണൂർ- കാസർഗോഡ് ജില്ല

എയ്ഡഡ് കോളജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ തുടങ്ങാനുള്ള കേരള സർക്കാരിന്റെ തീരുമാനത്തിനെതിരെ കണ്ണൂർ - കാസർഗോഡ് ജില്ലകളിലെ സ്വകാര്യ കോളജുകളിൽ അദ്ധ്യാപക ധർണ്ണ എ.കെ.പി.സി.ററി.എ നേതൃത്വത്തിൽ നടന്നു. കാഞ്ഞങ്ങാട് എൻ.എ.എസ് കോളജിൽ സ. കെ.പി.സതീശ് ചന്ദ്രൻ (എം.എൽ.എ) പയ്യന്നൂർ കോളേജിൽ പ്രൊഫ. ഇ.ദാമോദരനും, തളിപ്പറമ്പ് സർസയ്യദ് കോളജിൽ പ്രൊഫ. കെ.വി. നാരായണൻ (എ.കെ.ജി.സി.ററി) കണ്ണൂർ S.N കോളേജിൽ പ്രൊഫ. എ.പി.കുട്ടികൃഷ്ണൻ കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ പ്രൊഫ. ജോസഫ് തോമസ്, മട്ടന്നൂർ പി.ആർ.എൻ.എസ്.എസ് കോളേജിൽ പ്രൊഫ. എം.പി.ബാലറാം എന്നിവർ ധർണ്ണ ഉദ്ഘാടനം ചെയ്യുകയുണ്ടായി.



ആലപ്പുഴ എസ്. ഡി. കോളേജിൽ നടന്ന ധർണ്ണ മുൻ എം. എൽ. എ ജി. സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു.

# കണ്ണൂർ സർവ്വകലാശാല - അദ്ധ്യാപക ധർണ്ണ

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള കോളജുകളിൽ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് കോഴ്സ് സ്വാശ്രയ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ മേൽനോട്ടത്തിൽ നടത്താൻ കൈക്കൊണ്ട



തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് എ.കെ.പി.സി.ററി.എയുടെ നേതൃത്വത്തിൽ സർവ്വകലാശാലയ്ക്ക് മുന്നിൽ ആഗസ്റ്റ് 14-ന് അദ്ധ്യാപക ധർണ്ണ നടന്നു. അഫിലിയേററഡ് കോളജുകളിൽ ഇത്തരം സ്വാശ്രയ കോഴ്സുകൾ വ്യാപകമായി തുടങ്ങുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ കച്ചവടം പ്രോത്സാഹിപ്പിക്കാനും അവസരസമത്വവും സാമൂഹ്യനീതിയും നിഷേധിക്കാനും സർവ്വകലാശാല തന്നെ കൂട്ടുനിൽക്കുന്നത് അങ്ങേയററം പ്രതിഷേധാർഹമാണെന്ന് ധർണ്ണയിൽ പങ്കെടുത്ത് അദ്ധ്യാപകർ അധികാരികളെ ബോധ്യപ്പെടുത്തി.

സ. ടി.കെ.ബാലൻ എം.എൽ.എ ധർണ്ണ ഉദ്ഘാടനം ചെയ്തു. സ. എം.ദാമോദരൻ (NGO Union), പ്രൊഫ. കെ.ശശിധരൻ (ട്രഷറർ, എ.കെ.പി.സി.ററി.എ), പ്രൊഫ. കെ.വി.നാരായണൻ (എ.കെ.ജി.സി.ററി), സ.വി.സി.എച്ച്.ശശിധരൻ (കണ്ണൂർ എംപ്ളോയീസ് യൂണിയൻ) സ. പി.സന്തോഷ് ( എസ്.എഫ്.ഐ) എന്നിവർ ധർണ്ണയെ അഭിവാദ്യം ചെയ്ത് സംസാരിച്ചു.

സംസ്ഥാന സെക്രട്ടറി എ.പി.കുട്ടികൃഷ്ണൻ സ്വാഗതവും ജില്ലാ സെക്രട്ടറി എം.പി.ബാലറാം നന്ദിയും പറഞ്ഞു. ജില്ലാ പ്രസിഡന്റ് വി.കുട്ട്യാൻ, ഇ. ദാമോദരൻ പി.വി.രവീന്ദ്രൻ എന്നിവർ ധർണ്ണയ്ക്ക് നേതൃത്വം നൽകി.

## എം.ജി.സർവ്വകലാശാല സെനററ് യോഗത്തിൽ പ്രതിഷേധിച്ചു

എം.ജി.സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ അർഹമായ പ്രമോഷൻ തടയുന്ന സിൻഡിക്കേററ് അഫിലിയേഷൻ കമ്മിററി കൺവീനറുടെ നിലപാട് തിരുത്തണമെന്നു ആവശ്യപ്പെട്ട് എ.കെ.പി.സി.ററി.എ സെനററ് അംഗങ്ങൾ 17-9-2002-ലെ സെനററ് യോഗത്തിൽ മുദ്രാവാക്യം മുഴക്കി പ്രതിഷേധിച്ചു. പ്രൊഫ ജെയിംസ് മണിമല, ഡോ.കെ. വിജയകൃഷ്ണൻ, ഡോ. ഇ.എ.തോമസ് പ്രൊഫ. എം. ജി.ഗോപാലകൃഷ്ണൻ നായർ, പ്രൊഫ. കെ.കൃഷ്ണ

ദാസ്, പ്രൊഫ. ജെയിംസ് ഫിലിപ്പ്, പ്രൊഫ. സി.എ. തോമസ്, പ്രൊഫ. വർഗ്ഗീസ് തോമസ് (മുക്കാടൻ), ഡോ. ജോസഫ് ജോസ്, ഡോ. സണ്ണി കുരിയാക്കോസ് എന്നിവർ പ്രതിഷേധ പ്രകടനത്തിന് നേതൃത്വം നൽകി. പ്രമോഷന് യു.ഡി.എഫ് സംഘടനയിലെ അദ്ധ്യാപകരെ മാത്രം പരിഗണിക്കുന്ന നടപടികളാണ് അഫിലിയേഷൻ കമ്മിററി സ്വകരിക്കുന്നത്. അദ്ധ്യാപകരുടെ പ്രമോഷന് അഫിലിയേഷൻ കമ്മിററി സ്വീകരിക്കുന്ന ധിക്കാരപരമായ നടപടി അവസാനിപ്പിക്കണമെന്ന് ആഗസ്റ്റ് ആദ്യവാരം സംഘടന നേതൃത്വം എം.ജി.യൂണിവേഴ്സിററി വി.സിയുമായി നടത്തിയ ചർച്ചയിൽ ആവശ്യപ്പെട്ടിരുന്നു.

# വിദ്യാഭ്യാസത്തെക്കുറിച്ചറിയാത്ത മന്ത്രി വകുപ്പ് ഭരിക്കുന്നു: കോടിയേരി

കോളജ് അദ്ധ്യാപകർക്ക് സമയബന്ധിതമായി നൽകേണ്ട പ്രൊമോഷനും പ്ലേസ്മെന്റും അകാരണമായി തടഞ്ഞുവയ്ക്കുന്ന സിൻഡിക്കേററ് നടപടിക്കെതിരെ എ.കെ.പി.സി.ററി.എയുടെ ആഭിമുഖ്യത്തിൽ എം.ജി യൂണിവേഴ്സിററി ആസ്ഥാനം ഉപരോധിച്ചു. ഉപരോധം ഉദ്ഘാടനം ചെയ്തത് സി.പി.ഐ.എം കേന്ദ്രകമ്മിററിയംഗവും കേരള നിയമസഭയുടെ പ്രതിപക്ഷ ഉപനേതാവും ആയ കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ ആയിരുന്നു. വിദ്യാഭ്യാസത്തെക്കുറിച്ചോ സർവകലാശാലയെക്കുറിച്ചോ ഒന്നുമറിയാത്ത മന്ത്രിയാണ് വിദ്യാഭ്യാസവകുപ്പ് ഭരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.



യു.ഡി.എഫ് സർക്കാരിന്റെ തെററായ നയങ്ങൾ മൂലം കേരളത്തിലെ സമസ്തമേഖലകളും സ്തംഭനാവസ്ഥയിലാണ്. അദ്ധ്യാപകർക്കെതിരെ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടി എല്ലാ മേഖലകളിലേക്കും വരും നാളുകളിൽ വ്യാപിക്കും - കോടിയേരി പറഞ്ഞു.

യു.ഡി.എഫിന്റെ നോമിനികളായി സിൻഡിക്കേററിൽ കയറിക്കൂടിയിരിക്കുന്ന ആളുകൾ അൽപനൈശ്വര്യം വന്നാൽ അർദ്ധരാത്രിക്കും കുടപിടിക്കും' എന്ന രീതിയിലുള്ള സമീപനമാണ് സ്വീകരിക്കുന്നത്. അതിന്റെ ഫലമായാണ് ഇടതുപക്ഷ സംഘടനകളിൽപ്പെട്ട അദ്ധ്യാപകരുടെ പ്ലേസ്മെന്റും പ്രമോഷനും തടഞ്ഞിരിക്കുന്നത്. കോളജ് അദ്ധ്യാപകരെ ഒന്നടങ്കം പരിഹസിക്കുന്ന തരത്തിലുള്ള രാഷ്ട്രീയ നിലപാട് സ്വീകരിച്ചിരിക്കുന്ന അധികൃതർ എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ തയ്യാറാകണമെന്നും കോടിയേരി ആവശ്യപ്പെട്ടു.

എ.കെ.പി.സി.ററി.എ സംസ്ഥാന പ്രസഡന്റ് പ്രൊഫ. തോമസ് ജോസഫ്, ജനറൽ സെക്രട്ടറി എ. പ്രതാപചന്ദ്രൻനായർ, മഹാത്മാഗാന്ധി സർവ്വകലാശാല എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ.ഷെറഫുദീൻ, മുൻ സിൻഡിക്കേററംഗം പ്രൊഫ. കെ.സദാശിവൻനായർ എകെജിസിടി



മുൻ ജനറൽ സെക്രട്ടറി പി.വി.ചന്ദ്രമോഹൻ, എൻ ജിഒ യൂണിയൻ ജില്ലാ സെക്രട്ടറിയേററംഗം ടി.വി. മോഹൻകുമാർ, എ.കെ.പി.സി.ടി.എ. ട്രഷറർ കെ. ശശിധരൻ, സെക്രട്ടറിമാരായ എ.പി.കുട്ടികൃഷ്ണൻ, കെ.ശിവരാമൻ, കെ.വിജയധരൻ, വി.സി.ആന്റണി എന്നിവർ സംസാരിച്ചു.

മുന്നൂറോളം അദ്ധ്യാപകരുടെ പ്ളേസ്മെന്റും പ്ര മോഷനുമാണ് യൂണിവേഴ്സിററി അന്യായമായി ത ടഞ്ഞിരിക്കുന്നത്. മാസങ്ങൾക്ക് മുമ്പ് ഇത് സംബ ന്ധിച്ചുള്ള പരാതി പരിഹരിക്കാം എന്ന് വൈസ് ചാൻ സലർ ഉറപ്പ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇതുവരെയും പ്രശ്നം പരിഹരിക്കാത്ത സാഹചര്യ ത്തിലാണ് അദ്ധ്യാപകർ സമരത്തിന് തയ്യാറായത്.

യൂണിവേഴ്സിററി കവാടത്തിൽ നിന്ന് പ്രകടനമാ യെത്തിയാണ് വനിതകളടക്കമുള്ള അദ്ധ്യാപകർ ധർ ണയിൽ പങ്കെടുത്തത്.

## എ. കെ. പി. സി. ടി. എയ്ക്ക് എതിരില്ല

മണ്ണാർക്കാട് എം.ഇ.എസ്സ് കല്ലടി കോളജ് കൗൺ സിലിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ എ.കെ.പി. സി.ററി.എ സ്ഥാനാർത്ഥികളായ പ്രൊഫ. രാജൻ. കെ.രമേഷ്, പ്രൊഫ. ടോബിൻ തിയോഫിലിസ് എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

## അക്കൗണ്ട്സ് കമ്മിററിയിലേക്ക് തെരഞ്ഞെടുത്തു

എം.ജി.സർവ്വകലാശാലയുടെ സെനററിൽ നി ന്നും സർവ്വകലാശാല യൂണിയൻ അക്കൗ ണ്ട്സ് കമ്മിററിയിലേക്ക് 17-9-2002-ന് നടന്ന തെ രഞ്ഞെടുപ്പിൽ ആകെയുള്ള മൂന്നു സീററുക ളും എ.കെ.പി.സി.ററി.എയും സഖ്യവും വൻ ഭൂരിപക്ഷത്തോടെ വിജയിച്ചു. ശ്രീ.കെ.കൃ ഷ്ണദാസ് (ശ്രീ ശങ്കരാ കോളേജ്, കാലടി) ഡോ.ജി.മുരളീധരക്കുറുപ്പ് (എം.ജി.സർവ്വകലാ ശാലസ്ക്കൂൾ ഓഫ് ബയോ സയൻസ്) ശ്രീ. ആർ.നിഷാന്ത് (സ്ക്കൂൾ ഓഫ് മാസ് കമ്മ്യൂ ണിക്കേഷൻ സയൻസ്, മാന്നാനം) എന്നിവ രെയാണ് തെരഞ്ഞെടുത്തത്.

# സ്ത്രീ നീതി, ഉറപ്പാക്കുക

ഡോ.ആർ.ബി.രാജലക്ഷ്മി

*എം. ജി. കോളജ്, തിരുവനന്തപുരം*

വറഞ്ഞു പറഞ്ഞ് അർത്ഥഗൗരവം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പദമാണിന്ന് 'സ്ത്രീപീഡനം'. പത്രമാധ്യമങ്ങളിൽ പീഡന പരമ്പരകൾ തന്നെ നിത്യേന വന്നുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും ബലാൽസംഗവും മററും പണ്ടും ഉണ്ടായിരുന്നു. എന്നാൽ അവയൊന്നുംതന്നെ വിവാദവാർത്തകളായോ, പൈങ്കിളിക്കഥകളായോ മാധ്യമങ്ങളിൽ സ്ഥാനം പിടിച്ചിരുന്നില്ല. എന്നല്ല ഇത്തരം അനുഭവങ്ങൾ പുറത്തറിയിക്കാൻ ജനം ഭയപ്പെട്ടിരുന്നു; അഥവാ പുറംലോകം അറിയാതിരിക്കാൻ പരമാവധി സ്ത്രീകളും കുടുംബക്കാരും ശ്രദ്ധിച്ചിരുന്നു. ആ സ്ഥിതി മാറിക്കൊണ്ടിരിക്കുന്നു. എങ്ങനെ ഈ മാററം സംഭവിച്ചു?

സ്വാതന്ത്ര്യസമരത്തിനുമുമ്പുതന്നെ ഇന്ത്യയിൽ സ്ത്രീകൾ പൊതുരംഗത്തു വന്നിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം അതുകുറെക്കൂടി ശക്തമായി. ഇംഗ്ലീഷ് വിദ്യാഭ്യാസവും പൊതുപ്രവർത്തനാനുഭവങ്ങളും സ്ത്രീകളെ സ്വാതന്ത്ര്യചിന്തയിലേയ്ക്കു നയിച്ചു. പാശ്ചാത്യദേശത്തുണ്ടായ ഫെമിനസ്റ്റു പ്രസ്ഥാനം ഇന്ത്യയിലും തുടർന്ന് കേരളത്തിലും ശക്തിയാർജ്ജിച്ചു. വനിതകൾ സംഘടിക്കാൻ തുടങ്ങി. ഒട്ടേറെ സ്ത്രീസംഘടനകൾ രൂപം പ്രാപിച്ചു. ഇങ്ങനെയുണ്ടായ രാഷ്ട്രീയ സംഘടനകളുടെയും സന്നദ്ധസംഘടനകളുടെയും ആഭിമുഖ്യത്തിൽ കേരളത്തിലും സ്ത്രീവിമോചന പ്രസ്ഥാനത്തിന് തുടക്കംകുറിച്ചു. സ്ത്രീകൾ അവരുടെ അവകാശങ്ങളെക്കുറിച്ചും അധികരാങ്ങളെക്കുറിച്ചും സ്വന്തം പദവിയെക്കുറിച്ചും പഠിക്കുകയും അറിയുകയും അതിനുവേണ്ടി പോരാടാൻ മുന്നോട്ടുവരികയും ചെയ്തു. കുടുംബത്തിലും പുറത്തും സ്ത്രീകൾക്കെതിരായി നടക്കുന്ന പീഡനങ്ങളും അതിക്രമങ്ങളും അടിച്ചമർത്താൻ ഇവർ ആഹ്വാനം ചെയ്തു. സ്ത്രീധനത്തിന്റെ പേരിലും കുടുംബത്തിലും തൊഴിലിടങ്ങളിലും മററും സ്ത്രീകൾ ദുരിതങ്ങൾ അനുഭവിക്കുന്നുവെന്ന തിരിച്ചറിവാണ് ഇതിനവരെ പ്രേരിപ്പിച്ചത്. എന്നാൽ ഇവരെ 'ഫെമിനിസ്റ്റുകൾ' എന്ന് വിളിച്ചു പുച്ഛരിക്കുവാനും ചിലർ മടിച്ചില്ല. ('ഫെമിനിസം' എന്നാലെന്തെന്നു മനസ്സിലാക്കാത്തവരാണിവർ)

മേൽപ്പറഞ്ഞ അതിക്രമങ്ങൾക്കു പുറമേ ഈ അടുത്ത കാലത്തായിട്ടാണ് ലൈംഗിക പീഡനങ്ങളുടെയും കൂട്ടബലാൽസംഗങ്ങളുടെയും ഞെട്ടിക്കുന്ന വാർത്തകൾ പത്രമാധ്യമങ്ങളിലൂടെ കണക്കില്ലാതെ പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് സർക്കാരും സന്നദ്ധസംഘടനകളും സ്ത്രീശാക്തീകരണ യജ്ഞത്തിൽ മുഴുകുന്നു. മറുവശത്ത് സ്ത്രീപീഡനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. ഇതിലെ വൈരുദ്ധ്യം നാം തിരിച്ചറിയണം. പിഞ്ചുബാലികമാർ മുതൽ വൃദ്ധകൾവരെ ഈ പീഡനങ്ങൾക്ക് വിധേയരാവുന്നുണ്ട്.

ബാലികാപീഡനം നിത്യസംഭവമായി മാറിയിരിക്കുന്നു. കേരളത്തിൽ കഴിഞ്ഞ ഒരു വർഷക്കാലം 10 വയസ്സിനു താഴെയുള്ള ഇരുപതിലേറെ ശിശുക്കൾ ക്രൂരമായ ലൈംഗിക പീഡനത്തിന് ഇരയായതായി പത്രറിപ്പോർട്ടുകളിൽ കാണുന്നു. റിപ്പോർട്ട് ചെയ്യാ

ത്തവ എത്രയെന്ന് ആർക്കറിയാം? മടിയിൽ വെച്ചു ഓമനിയ്ക്കേണ്ട പിഞ്ചോമനകളെ - പേരകുട്ടികളെ - ലൈംഗിക പീഡനത്തിനിരയാക്കുന്ന ക്രൂരമൃഗങ്ങളുടെ നാടായി മാറിയിരിക്കുന്നു സാക്ഷര കേരളം. ഈ നരാധമന്മാർക്ക് നൽകേണ്ട കടുത്തശിക്ഷ ഇന്നു നിലവിലില്ല. മാത്രമല്ല പഴുതുകളുപയോഗിച്ച് ഇത്തരക്കാർ രക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരം കുററവാളികളെ ശിക്ഷിക്കാൻ ബന്ധപ്പെട്ട അധികാരികൾ അനാസ്ഥ കാണിക്കുന്നുവെന്നു മാത്രമല്ല വേലിതന്നെ വിളവു തിന്നുന്ന അവസ്ഥയുമാണ്. കുററകൃത്യം ചെയ്യുന്നവർക്ക് രാജഭരണകാലത്തെപ്പോലെയോ, അറേബ്യൻ നാടുകളിൽ നൽകുന്നതുപോലെയോ ഉള്ള കടുത്ത ശിക്ഷ നൽകേണ്ടതുണ്ട്. അതില്ലാത്തതുകൊണ്ടുതന്നെ പീഡനങ്ങൾ നിർബ്ബാധം തുടരുകയാണ്.

